# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATVM GP5/863/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATVM GP5/863/2022 തീയ്യതി: 24/06/2022

# തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ. എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സീന. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു. എസ്, ഓഡിറ്റർ
ശ്രീമതി കല. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. സനൽകുമാർ.റ്റി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സലിൽ എ സോണി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി.ജയന്തി.എസ് | സെക്രട്ടറി | 10-06-2020 | 02-02-2021 |
| ശ്രീ.സജി.എ | സെക്രട്ടറി | 03-02-2021 | 08-02-2021 |
| ശ്രീ.പ്രവീൺ.എസ് | സെക്രട്ടറി | 09-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നാസർ.എച്ച് | അസി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.സജി.എ | അസി.സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീമതി.ദിവ്യ.എം.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജൂലി.ബി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഇന്ദുലേഖ.സി.ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ഷീബ.എസ്.എൽ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ.സിമി.കെ.രാജു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 20-01-2021 |
| ഡോ.ലക്ഷമി പ്രിയ.റ്റി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21-01-2021 | 31-03-2021 |
| ശ്രീമതി.നിഷ.എൽ.എസ് | വി.ഇ.ഒ 1 | 01-04-2020 | 31-03-2021 |
| ശ്രീമതി.സംഗീത കൃഷ്ണൻ | വി.ഇ.ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവ്.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.എ.ആർ.സജീവ്കുമാർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കല്ല്യാണിക്കുട്ടി.പി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സീനത്ത്ബീവി.എം | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.കലാവതി.എം.എസ് | ഐ.സി.ഡി.എസ് | 01-04-2020 | 30-11-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി.സവിത.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-12-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-1 |
| 2 | ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റ് പ്രൊവിഷനെക്കാൾ അധികമായും ചെലവു ചെയ്തിട്ടുണ്ട്.<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 1-1-2 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 18-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-4 |
| 6 | ക്ഷേമപദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 18-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-8 |
| 10 | മഹാത്മാഗാന്ധി തൊഴിലുറപ്പ പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിലെ അപാകതകൾ<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-06-2022) | 1-8-1 |
| 11 | ഇ-ടെൻഡർ ഫോം വില ലഭ്യമായിട്ടില്ല<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-8-2 |
| 12 | കരാറിൽ ഏർപ്പെട്ട കരാറുകാർ പ്രവൃത്തി ഉപേക്ഷിച്ചു - തുടർ നടപടികൾ സ്വീകരിച്ചില്ല.<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-8-3 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-06-2022) | 1-9 |
| 14 | ഇ ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-06-2022) | 1-10 |
| 15 | ലേലം - വരവ് തുകയുടെ ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-11 |
| 16 | ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |

| | | |
|---|---|---|
| | Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | |
| 17 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-13 |
| 18 | കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല,നികുതി ചോർച്ച സംഭവിക്കുന്നു.<br>Written By: Raju. S (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-14 |
| 19 | പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Raju. S (Auditor, On 22-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-14-1 |
| 20 | ശുചിത്വമിഷന്റെ അംഗീകാരം നേടാതെ തുക ചെലവഴിച്ചു. 2,82,000/-രൂപയുടെ ചെലവ് സാധൂകരിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 18-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-15 |
| 21 | ലൈഫ് ഭവനപദ്ധതി -തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>Written By: Raju. S (Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-16 |
| 22 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -നീക്കിയിരിപ്പ് തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 10-06-2022) | 1-17 |
| 23 | കാലഹരണപ്പെട്ട ചെക്ക് തുകകൾ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 18-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 1-18 |
| 24 | ലോഗ് ബുക്ക് പരിപാലനം -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-19 |
| 25 | തെരുവ് വിളക്ക്, ഹൈ മാസ്റ്റ്, മിനി ഹൈമാസ്റ്റ് എന്നിവ സ്ഥാപിക്കലും, അറ്റകുറ്റപണികളും -അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-20 |
| 26 | പഞ്ചായത്തിന്റെ കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നു -12887/-രൂപ നിരാകരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 1-21 |
| 27 | തെരുവ് വിളക്ക് അറ്റകുറ്റ പണി ലേബർ ചാർജ്ജ് -അധികം നൽകിയ തുക തിരിച്ചടച്ചു.<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-22 |
| 28 | Surface Dressing ഇനം പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 750% അധിക നിരക്ക് കാട്ട് ചെയ്തു - നെഗോസിയേഷൻ നടത്തിയില്ല<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 1-23 |
| 29 | എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല – റീടെൻഷൻ തുക മുതൽക്കൂട്ടേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-24 |

| | | |
|---|---|---|
| 30 | അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-25 |
| 31 | വീരണകാവ് പി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-26 |
| 32 | നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്<br>Written By: Sosamma.S (Audit Officer, On 21-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-05-2022) | 1-27 |
| 33 | ലൈബ്രറി രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകതകൾ<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 17-06-2022) | 1-28 |
| 34 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - എൽ ഇ ഡി ടെലിവിഷൻ വാങ്ങി നൽകൽ -64000/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-06-2022) | 1-29 |
| 35 | വിനിയോഗ്യസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -96250/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 21-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 21-05-2022) | 1-30 |
| 36 | സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.- 943600/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Zeena K (Senior Grade Auditor, On 21-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-31 |
| 37 | താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം നിയമിക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 21-05-2022)<br>Last Updated By: Sosamma.S (Audit Officer, On 21-05-2022) | 1-32 |
| 38 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 1237500/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: KALA P. (Auditor, On 19-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 1-33 |
| 39 | ഗുണഭോക്തൃ ലിസ്റ്റ്റിൽ പേര് ഇല്ലാത്തവർക്ക് ധനസഹായം നൽകി -14125/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Raju. S (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-34 |
| 40 | അംഗീകരമില്ലാത്ത ഗുണഭോക്തൃ ലിസ്റ്റ് നൽകി തുക ചെലവഴിച്ചു- 580000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Raju. S (Auditor, On 22-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 1-35 |
| 41 | ദുരിതാശ്വാസ നിധി -ചെലവ് രേഖകൾ ഹാജരാക്കിയില്ല.51403/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 23-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-06-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പഞ്ചായത്തിന്റെ കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും | 3-1 |

| | | |
|---|---|---|
| | തുക നൽകിയിരിക്കുന്ന -12887/-രൂപ നിരാകരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 19-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 14-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 17-05-2022) | 4-3 |
| 4 | വായ്പാ / വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 17-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 17-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 17-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-06-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Zeena K (Senior Grade Auditor, On 17-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 17-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 24-06-2022) | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Zeena K (Senior Grade Auditor, On 21-05-2022)<br>Last Updated By: K Sreeja (Deputy Director, On 24-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21-ലെ ബജറ്റ് 25/03/2020-ലെ 1-ാം നം കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 597598001/- രൂപയും പ്രതീക്ഷിത ചെലവ് 577547200/- രൂപയും നീക്കിയിരിപ്പ് 20050801/- രൂപയുമാണ്.

## 1-1-2 ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റ് പ്രൊവിഷനെക്കാൾ അധികമായും ചെലവ് ചെയ്തിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ ബഡ്ജറ്റ് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 72 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ, അത്തരം ചെലവ് ചെയ്യുന്നതിനു മുമ്പ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ആക്ടിലെ 214(5)-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ഒരു ചെലവ് ചെയ്യേണ്ടിവന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. അടുത്ത വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ സമർപ്പിക്കുന്ന പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, തന്നാണ്ടിലെ ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന, പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ ബഡ്ജറ്റിൽ വകയിരുത്താതെയും ബഡ്ജറ്റിനെ അധികരിച്ചും ചെലവ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | അക്കൗണ്ട് കോഡ് | ഇനം | A F Sപ്രകാരം ചെലവഴിച്ച തുക | 2020-21- ലെ പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരം വകയിരുത്തിയത് |
|---|---|---|---|---|
| 1 | 2501002 | Agriculture And Related Sectors- Other Crops-General | 3046550 | 2500000 |
| 2 | 2501031 | Animal Husbanndry-Cow | 1622500 | 1200000 |
| 3 | 2501039 | Animal Husbanndry-Infrastructure -General | 495000 | 350000 |
| 4 | 2501040 | Animal Husbanndry-Disease Control-General | 300000 | 235000 |
| 5 | 2502004 | Minor Irrigation -Providing Individual Facilities | 401295 | വകയിരുത്തിയിട്ടില്ല |
| 6 | 2503018 | Revolving Fund For Kudumbasree Employment Programs | 10000 | വകയിരുത്തിയിട്ടില്ല. |
| 7 | 2511006 | SSA& Other Educational Programs | 2000000 | വകയിരുത്തിയിട്ടില്ല. |
| 8 | 2511011 | Continuing Education And Non-formal Education | 96250 | വകയിരുത്തിയിട്ടില്ല. |
| 9 | 2512004 | Medicines | 1049937 | 50000 |
| 10 | 2512007 | Other Programs In Health Sector | 82848 | വകയിരുത്തിയിട്ടില്ല |
| 11 | 2513007 | Welfare Programs For The Destitute | 866001 | 800000 |
| 12 | 2513009 | Women's Welfare Programs | 453364 | 100000 |

| | | | | |
|---|---|---|---|---|
| 13 | 2514001 | Development Programs For Women And Children | 617000 | 50000 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (42/20-21, 17/05/2022)-യ്ക്ക് അപ്രതീക്ഷിതമായി ചിലയിനങ്ങളിൽ വരുന്ന ചെലവുകൾ ബജറ്റിൽ ഉൾപ്പെടാതെ വരുന്നുണ്ട് ഭാവിയിൽ ഇത്തരം പിഴവുകൾ ഒഴിവാക്കി ബജറ്റ് തയ്യാറാക്കുന്നതാണ് എന്നാണ് ലഭ്യമായ മറുപടി.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29/2/2020 – തീയതിയിലെ 1- നം കമ്മിറ്റി തീരുമാനപ്രകാരം 9 നിർവഹണ ഉദ്യോഗസ്ഥർ മാത്രമാണ് ബഡ്ജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ബാക്കി നിർവഹണ ഉദ്യോഗസ്ഥരുടെ ബഡ്ജറ്റ് പ്രൊപ്പോസൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആണ് ബഡ്ജറ്റ് തയാറാക്കിയത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (42/20-21, 17/05/2022) യ്ക്ക് മാർച്ച് 31 നകം ബജറ്റ് പാസ്സാക്കിയില്ലെങ്കിൽ ചെലവുകൾ തടസ്സപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രതീക്ഷിത ചെലവുകൾ ഉൾപ്പെടുത്തിയാണ് ബജറ്റ് പാസ്സാക്കിയത് എന്നാണ് ലഭ്യമായ മറുപടി. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രതീക്ഷിത ചെലവുകൾ ഉൾപ്പെടുന്ന ബഡ്ജറ്റ് പ്രോപ്പോസൽ ലഭ്യമാക്കി വേണം ബജറ്റ് തയ്യാറാക്കേണ്ടത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28-07-2021 | -- | -- |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ മറുപടി സഹിതം (ഓഡിറ്റ് എൻക്വയറി നം.2/22) ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അടിസ്ഥാന അനുപാതകങ്ങൾ [62(2) എഫ്] കൂടി ഉൾപ്പെടുത്തേണ്ടതാണ്.എന്നാൽ ആയതു ഉൾപ്പെടുത്തിയിട്ടില്ല.വരും വർഷങ്ങളിൽ അവ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).ഭാവിയിൽ അവ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നു.

3. സംയുക്ത പ്രോജക്ട്-

ജില്ലാ പഞ്ചായത്ത് വിഹിതം-വാർഷിക ധനകാര്യപത്രിക RP 7 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം 53,96,362/- രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 5,40,1362/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസത്തിനു കാരണം പദ്ധതി മോണിറ്ററിംഗിൽ ചെലവായ 5,000/- രൂപ ജില്ലാ വിഹിതത്തിൽ ഉൾപ്പെട്ടതിനാലാണെന്നു അറിയിച്ചിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 22,42,960/- രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 24,05,444/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസത്തിനു കാരണം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി പട്ടകളം മാർക്കറ്റിൽ എംആർസിഎഫ് ചെയ്ത തുകയായ 1,62,484/-രൂപ കൂടി ഉൾപ്പെട്ട തുകയാണ് സുലേഖ ചെലവ് പത്രികയിൽ ഉൽപ്പെട്ടിരിക്കുന്നതെന്നു അറിയിച്ചിരിക്കുന്നു.

4. 2019-20 സാമ്പത്തിക വർഷത്തിലെ നീക്കിയിരിപ്പ് തുകകൾ തന്നെ 2020-21 സാമ്പത്തിക വർഷത്തിലും മാറ്റമില്ലാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു.വിശദ വിവരം ചുവടെ.

| അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|
| 320200207 | Fund For Transferred Institutions-Ayurveda-Capital | 1897 |

| | | |
|---|---|---|
| 320200320 | Grants For Stadium And Play Grounds | 73856 |
| 320200321 | NABARD Assisstance | 32261 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayat | 547154 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayat | 554661 |
| 320700304 | Contributions For Other Specific Purpose (For Capital Expenditure)-from Block Panchayat | 6967 |
| 320900299 | Other Awards From State Government | 300000 |

പ്രസ്തുത തുകകൾ അടിയന്തിരമായി നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിനോ തിരികെ അടവാക്കുന്നതിനോയുള്ള നടപടികൾ സ്വീകരിക്കാമെന്ന അറിയിച്ചിരിക്കുന്ന

5. B8 Schedule പ്രകാരം Deposits Works Electrical 16,000/- രൂപ തൻ വർഷവും അവശേഷിക്കുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ ലഭ്യമായ2 ഡെപ്പോസിറ്റ് തുകകളാണെന്നും ആയതു തനതു ഫണ്ടിലേയ്ക്ക് മാറ്റുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

6. B 15 Schedule പ്രകാരം Sundry Debtors (431190101) Receivables For Profession Tax- Institutions/ Professionals/Traders (Current) -5,110/-രൂപയായി കാണിച്ചിരിക്കുന്നു.

2020-21 ലെ Closing Balance-ൽ മുൻക്കൂർ തുക അഡ്ജസ്റ്റ് ചെയ്തതിൽ അധികമായി വന്ന തുകയാണെന്നും ആയതു 2021-22 ൽ ക്രമപ്പെടുത്തയിട്ടുമുണ്ടെന്നും അറിയിച്ചിരിക്കുന്നു.

7. Receivables Towards Market Receipts (Arrear) (431400106)പ്രകാരം 5,14,374/- രൂപ മുൻ വർഷവും തൻ വർഷവും കിട്ടുവാനുള്ളതായി കാണിച്ചിരിക്കുന്നു.

കോവിഡിന്റെ പാശ്ചാത്തലത്തിൽ ഡിമാന്റ് ഒഴിവാക്കുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ കുടിശികയുൾപ്പെടെയുള്ള തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചതായും അറിയിച്ചിരിക്കുന്നു.

8. ഡെപ്പോസിറ്റ് തുകകളുടെ നീക്കിയിരിപ്പിൽ വ്യത്യാസം വന്നിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (AFS പ്രകാരം) | വരേണ്ട നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| Contractors EMD | 331144 | 181223 | 512367 | 166503 | 321664 | 345864 |
| Contractors SD | 144763 | 215512 | 360275 | 150714 | 233761 | 209561 |

Contractors Security Deposit ൽ നിന്നും നൽകേണ്ട 24200/- രൂപ Contractors EMDയിൽ നിന്നും നൽകിയതിനാലാണ് പ്രസ്തുത വ്യത്യാസം വന്നതെന്നും ആയത് 2021-22 ൽ ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

9. MGNREGS അക്കൗണ്ട് തുകയിലെ വ്യത്യാസം

2020-21 ലെ വാർഷിക ധനകാര്യപത്രിക RP 31 പ്രകാരം MGNREGS ന 1825395/- രൂപ വരവും RP 16 പ്രകാരം 31651/- രൂപ ചെലവുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/22 നുള്ള മറുപടിയിൽ MGNREGS വരവ് തുക Contra Voucher മുഖേന 17,95,744/- രൂപ തനതു ഫണ്ടിലേക്ക് വകയിരുത്തിയിട്ടുണ്ട്. (1795744 + 31651 = 1825395). പ്രസ്തുത തുകയാണ് വരവായും ചെലവായും ഉൾപ്പെട്ടിരിക്കുന്നതെന്ന അറിയിച്ചിരിക്കുന്നു.

വരവ്-ചെലവ് തുകളിലെ വ്യത്യാസം കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിലെയും MGNREGS ന്റെ ക്യാഷ് ബുക്കും പൊരുത്തപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 30646114 | 30646114 | 25602445* | 5043669 | 83% |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8404843 | 8404843 | 8138536 | 266307 | 96% |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 612373 | 612373 | 584308 | 28065 | 95% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 13200000 | 13200000 | 9513760 | 3686240 | 72% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-untied) | 0 | 28477247 | 28477247 | 17781097 | 10696150 | 62% |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7768622 | 7768622 | 7433214 | 335408 | 95% |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 10419000 | 10419000 | 10419000 | 0 | 100% |

* അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള തുക

1-3-1 ഗ്രാന്റ് വിനിയോഗത്തിൽ വ്യത്യാസം

വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ഏ.സി.ആർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ വിനിയോഗത്തിൽ വ്യത്യാസം വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | വാർഷിക ധനകാര്യപത്രിക പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഏ.സി.ആർ പ്രകാരം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 25637045 | 31113990 | 25602445 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8138536 | 8416693 | 8138536 |

| | | | | |
|---|---|---|---|---|
| 3 | വികസന ഫണ്ട് (റ്റി.എസ്.പി) | 584308 | 598935 | 584308 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/22 നുള്ള മറുപടിയിൽ ജി.ഒ പ്രോജക്ടുകളുടെ ലൈഫ് മിഷൻ ലോൺ തിരിച്ചടവിന്റെയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലത്തിൽ നൽകുന്ന തുകയുടെയും വ്യത്യാസമാണ് മേൽ വ്യത്യാസത്തിനു കാരണമെന്ന് അറിയിച്ചിരിക്കുന്നു.

1-3-2 ഗ്രാന്റ് വിനിയോഗത്തിൽ കുറവ്

2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മതിയായ തുകകൾ വകയിരുത്തിയെങ്കിലും ഘടകപദ്ധതികളുടെ ചെലവ് തുക കുറവായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഘടക പദ്ധതി | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വനിതാഘടക പദ്ധതി | 14146000 | 8011144 | 57% |
| 2 | കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി | 2012640 | 442637 | 22% |
| 3 | വൃദ്ധർക്കുള്ള പ്രത്യേക പദ്ധതി | 1520800 | 434370 | 29% |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/22 നുള്ള മറുപടിയിൽ പ്ലാൻ ഫണ്ടിൽ നിന്നും 88.23% ചെലവ് വന്നിട്ടുണ്ടെന്നും ഗുണഭോക്തൃ വിഹിതത്തിന്റെ ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തിയതിനാലാണ് ചെലവ് ശതമാനം കുറവായി വന്നതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

കുട്ടികൾക്കുള്ള പ്രത്യേക പദ്ധതി കോവിഡ് പശ്ചാത്തലത്തിൽ ചെലവ് നടത്തുവാൻസാധിച്ചിട്ടില്ലായെന്നും വൃദ്ധർക്കുള്ള പ്രത്യേക പദ്ധതിയുടെ ബിൽ ട്രഷറിയിൽ നിന്നുമാറുവാനുള്ള കാലതാമസവുമാണ് ചെലവ് ശതമാനത്തിൽ കുറവ് വന്നതെന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 251047775 | 227 | 128088219 | - | 38 | 86 |

തൻ വർഷം നടപ്പാക്കുന്നതിന് 265 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും 227 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആകെ വകയിരുത്തിയ തുകയുടെ 51% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനും നവീന പദ്ധതികൾ ആവിഷ്കരിച്ച് പൊതുജനക്ഷേമവും വളർച്ചയും ഉറപ്പാക്കുന്നതിന് ആവശ്യമായ പിൻതുണയും മാർഗ്ഗ നിർദേശവും നൽകുന്നതിനായി നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്ന് പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 ൽ നിഷ്കർഷിക്കുന്നു. എന്നാൽ നടപ്പ് വർഷം ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല. കോവിഡ് കാലമായതിനാൽ സർക്കാർ നിർദേശനുസരണം വികസന സെമിനാർ നടത്തുന്നതിനും സാധിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലും കരട് വികസനരേഖ 2017-2022 പ്രകാരമുള്ള അവസ്ഥാ വിശകലനത്തിലും പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ ഗ്രാമസഭയിലും വിവിധ പദ്ധതികൾക്കായി ആവശ്യമുന്നയിച്ചിരിക്കുന്നു. ആയതിൽ പ്രസക്തമായവയുടെ വിവരങ്ങൾ

ചുവടെ ചേർക്കുന്നു.

(1)2030 ൽ കൈവരിക്കേണ്ടതിനായി ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ

A)കല്യാണ മണ്ഡപം

B)പൊതു ശ്മശാനം

C)ചിൽഡ്രൻസ് പാർക്ക്

D)പ്ലേ ഗ്രൌണ്ട്

E)കാട്ടാക്കട ചന്തയിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, അന്തർദേശീയ നിലവാരത്തിലേക്കുയർത്തുക

(2) 2020-21 ൽ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ

(എ) ഹോമിയോ ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം, പതിനാറ് അംഗൻവാടികൾക്ക് പുതിയ കെട്ടിടം, ഹെൽത്ത് സബ്സെന്റർ, തുടർ വിദ്യാകേന്ദ്രം എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കണം . ഹെൽത്ത് സെന്ററിൽ ഫാർമസി, ലാബ്, ഐ പി വിഭാഗം എന്നിവയ്ക്ക് പുതിയ കെട്ടിടം

(ബി) കാട്ടാക്കട ചന്തയിലെ മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച് അവിടെയുള്ള ആവശ്യത്തിന്ശേഷം അവശേഷിക്കുന്നത് കെ എസ് ഇ ബി യ്ക്ക് നൽകുക

(സി) നശിച്ച് പോയ ഏഴ് കാവുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

(ഡി) ഉപയോഗക്ഷമമല്ലാത്ത ആഗ്രോ ക്ലിനിക് കുക്കുറുണി, പൊങ്കാലപ്പാറ പാറാംകുഴിയിലെ കെട്ടിടം, വിജ്ഞാൻവാടി എന്നീ കെട്ടിടങ്ങൾ ഉപയോഗക്ഷമമാക്കുക.

(ഇ) മാർക്കറ്റ്, ഹോട്ടൽ, ബേക്കറി എന്നിവിടങ്ങളിലും, പച്ചക്കറി പഴങ്ങളിലെ വിഷം - ശരിയായ പരിശോധനയുടെ അഭാവം -മാലിന്യ സംസ്കരണ സംവിധാനം ഏർപ്പാടാക്കിയിട്ടില്ലെങ്കിൽ പിഴ ഈടാക്കണം

(എഫ്) ഡെയ്ഞ്ചേഴ്സ് ലിസ്റ്റിന്റെ അഭാവം - സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കണം.

ഭാവിയിൽ പ്രാവർത്തികമാക്കേണ്ട പ്രവർത്തനങ്ങൾക്ക് നിലവിൽ സ്വീകരിച്ച നടപടികളും 2020-21 ൽ മുൻഗണനാ ക്രമത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികളിൽ നടപ്പാക്കിയവയുടെയും വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 8, 10.05.2022) മറുപടി ലഭ്യമാക്കിയില്ല.

3) ഗ്രാമസഭ തീരുമാനങ്ങൾ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭ ഉന്നയിച്ച പ്രസക്തമായ നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം | നിർദേശങ്ങൾ |
|---|---|
| 19 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ഏർപ്പെടുത്തുക<br>ഹോമിയോ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കണം<br>കാട്ടാക്കട, പട്ടകുളം മാർക്കറ്റിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുക<br>മൊബൈൽ വെറ്ററിനറി സർവ്വീസ് ആരംഭിക്കുക |
| 9 | ജല ലഭ്യത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം<br>ഗ്രോബാഗ് കൃഷി പ്രോൽസാഹിപ്പിക്കുക<br>82-ാം നം അംഗൻവാടിയ്ക്ക് ചുറ്റുമതിൽ കെട്ടുക, കുടിവെള്ളം ലഭ്യമാക്കുക |
| 7 | വീരണകാവ് പി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി അനുവദിക്കുക, രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് സംവിധാനം ഒരുക്കുക<br>കാട്ടാക്കട മാർക്കറ്റിലും പരിസരങ്ങളിലും മീൻ, പച്ചക്കറി പരിശോധനയ്ക്ക് സംവിധാനം ഒരുക്കുക<br>പാലിയേറ്റീവ് പദ്ധതിയിൽ എല്ലാ രോഗികളേയും ഉൾപ്പെടുത്തുക. |

| | |
|---|---|
| | വാർഡിൽ സ്ഥാപിച്ചിട്ടുള്ള ആഗ്രോ ക്ലിനിക്കൽ സെന്റർ പ്രവർത്തനം തുടങ്ങുക |
| 22 | വാഴോട്ട് കോണം മേഖലയിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷനും സ്ട്രീറ്റ് ലൈറ്റും സ്ഥാപിക്കുക<br>വഴുതന മുകൾ ഭാഗത്ത് കുടിവെള്ള പദ്ധതി നടപ്പാക്കുക<br>പേപ്പർ ബാഗ് യൂണിറ്റ് ആരംഭിക്കുക |

മേൽ പരാമർശിച്ച ആവശ്യങ്ങളിൽ നടപ്പാക്കിയവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ പദ്ധതികളായി രൂപീകരിച്ച് നടപ്പാക്കുന്നതിൽ പ്രഥമ പരിഗണന നൽകേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമപെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 432840 |
| കർഷകതൊഴിലാളി പെൻഷൻ | 5520900 |
| വിധവാപെൻഷൻ | 36112400 |
| വാർദ്ധക്യകാല പെൻഷൻ | 81039800 |
| വികലാംഗപെൻഷൻ | 12494700 |
| 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1296500 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 |

*1-5-1 ക്ഷേമ പെൻഷൻ വിതരണ ത്തിലെ അപാകതകൾ*

ധന വകുപ്പിന്റെ 22.09.2017 എസ്.എഫ്.സി.ബി1/62/2017-ാം നമ്പർ സർകുലർ, 29.11.2017 ലെ എസ്.എഫ്.സി.ബി1/71 /2017-ാംനമ്പർ സർകുലർ, 2.08.2021 ലെ എസ്.എഫ്.സി.ബി1/63/2021-ാംനമ്പർ സർകുലർ എന്നിവ പ്രകാരം ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്നു തന്നെ നിർത്തപ്പെടേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള ഉത്തരവുകൾ നിലനിൽക്കെ പഞ്ചായത്തിന്റെ സേവന സോഫ്റ്റ് വെയർ, മരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് മരണ ശേഷവും പെൻഷൻ തുക അനുവദിച്ചതായി കാണുന്നു.

| വ്യക്തിയുടെ പേര് | പെൻഷൻ ഐ ഡി. | മരണമടഞ്ഞ തീയതി | പെൻഷൻ തരം | നിരക്ക് | കാലയളവ് |
|---|---|---|---|---|---|
| സണ്ണി.ഡി | 102560100368 | 18.10.20 | കർഷകത്തൊഴിലാളി പെൻഷൻ | 1400/-രൂപ | 11/2020 മുതൽ 12/2020 |

| | | | | | |
|---|---|---|---|---|---|
| | | | | | വരെ |
| രത്നമ്മ.എൽ | 102560200893 | 28.11.20 | ഇന്ദിരഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 1500 X3 4500/- 1600 X14 22400/- | 12/2020 മുതൽ 04/2022 വരെ |
| ഡെയ്സി.ജെ | 102560201107 | 11.02.20 | ഇന്ദിരഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 1500 X13 19500/- 1600 X13 20800/- | 3/2020 മുതൽ 04/2022 വരെ |
| ലീല.ആർ | 102560204726 | 6.08.20 | ഇന്ദിരഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ | 1400 X4 5600/- 1500 X3 4500/- 1600 X13 20800/- | 09/2020 മുതൽ 04/2022 വരെ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 41/22 നുള്ള മറുപടിയിൽ മരണ ശേഷം തുക കൈപ്പറ്റിയവരുടെ അന്തരാവകാശികളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

മരണമടഞ്ഞ വ്യക്തികളുടെ വിവരം പഞ്ചായത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ വിതരണം സസ്പ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/05/2022-ാം തീയതി രാവിലെ 11.50 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,01,769/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ജോലിവിഭജനം കൃത്യമായി നടത്തിയിട്ടുണ്ടെങ്കിലും ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മ മൂലം താഴെ പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ മൂലം പ്രസ്തുത ഇനം വരവ് നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു.

ടെയ്ഡേഡ്ഡ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല; തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക, വസ്തു നികുതി കുടിശ്ശിക എന്നീ ഇനങ്ങളിലെ വരവ് പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു.

കേരള ട്രഷറികോഡ് (വാല്യം 1)ആർട്ടിക്കിൾ 90 ബി കുറിപ്പ് 2 പ്രകാരം രസീതു ബുക്കുകളും ഫോറങ്ങളും സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ച പദ്ധതികളുടെ ഗുണഭോക്തൃലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടില്ല.

മരണമടഞ്ഞ ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷ പെൻഷൻ നൽകിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, ധനവിനിയോഗ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നു.

2018-19 ൽ ആരംഭിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എം ബുക്കിലെ രേഖപ്പെടുത്തലുകളിൽ തീയതി ഉൾപ്പെടുത്തുന്നില്ല. കരാറിൽ ഏർപ്പെട്ടിട്ടും പ്രവൃത്തി നടപ്പാക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. കരാറുകാർക്ക് നൽകുന്ന തുകയിൽ നിന്നും ടി.ഡി.എസ്. ഈടാക്കുന്നില്ല.

മുൻ വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്ക് ലഭ്യമായ തുക ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് മുഖേന വരുന്ന ഭൂരിഭാഗം നിർദേശങ്ങളും പദ്ധതികളാക്കി നടപ്പാക്കുന്നില്ല.

നവകേരള പദ്ധതിയുടെ ഭാഗമായി കൃഷി മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് NREGS പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണെന്ന നിർദേശം പാലിച്ചിട്ടില്ല.

മോണിറ്ററിംഗ് സമിതികൾ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1825395 | 1825395 | 1825395* | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 110257000 | 110257000 | 110257000 | 0 |
| ആകെ | 0 | 112082395 | 112082395 | 112082395 | |

* Recoup Amount 1793744 +31651 (RP 16) =1825395/-രൂപ

## 1-8-1 മഹാത്മാഗാന്ധി തൊഴിലുറപ്പ പദ്ധതിക്കായി നിർമ്മാണ സാമഗ്രികൾ സമാഹരിക്കുന്നതിലെ അപാകതകൾ

മിനിസ്ട്രി ഓഫ് റൂറൽ ഡവലപ്മെന്റ് 29.11.2010 ലെ നം.J-11060/3/2009-MGNREGA കത്തിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി സാധനസാമഗ്രികൾ സമാഹരിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ.(കൈ)നം. 93/2012തസ്വഭവ തീയതി 31.03.2012, സ.ഉ.(കൈ) നം.284/2012തസ്വഭവ തീയതി 03.11.2012 ഉത്തരവുകളിലൂടെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായുള്ള സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച് കേരള സർക്കാരും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. തുടർന്ന് സാധന സാമഗ്രികളുടെ സമാഹരണത്തിനായി 2013 ൽ സ്റ്റോർ പർച്ചേസ് മാന്വലും (സ.ഉ.(പി)നം.3/2013/ എസ്.പി.ഡി. തീയതി 21.06.2013) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വാങ്ങലുകൾക്ക് മേൽപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

(എ) ഓരോ മാസത്തെയും പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികളുടെ ഇനം, അളവ്, സ്പെസിഫിക്കേഷൻ എന്നിവ തരം തിരിച്ച പട്ടികപ്പെടുത്തിയ ശേഷം, ഓരോ അർദ്ധ വർഷത്തേക്കും ആവശ്യമായ ആകെ സാധനസാമഗ്രികളുടെ വിവരം ക്രോഡീകരിച്ച്, ഓരോ അർദ്ധവർഷത്തേക്കുമാണ് വാങ്ങലുകൾ നടത്തേണ്ടത്. എന്നാൽ മെറ്റീരിയൽ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ ഒരുമിച്ച് ടെണ്ടർ ചെയ്യാതെ ഓരോ പ്രവൃത്തികൾക്കും കരാറുകാരിൽ നിന്നും പ്രത്യേകം ടെണ്ടറുകൾ സ്വീകരിച്ച്, പ്രത്യേകം സെലക്ഷൻ നോട്ടീസ് നൽകി, ഓരോ പ്രവൃത്തിയ്ക്കും സാധനം സപ്ലൈ ചെയ്യുന്നതിനും പ്രത്യേകം കരാറുകൾ ചമച്ചാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. പരിശോധന നടത്തിയ എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ ചെലവിലും, സുതാര്യമായ രീതിയിലും ലഭ്യമാക്കുന്നതിനുള്ള എല്ലാ സാധ്യതകളും മേൽ നടപടികളിലൂടെ നഷ്ടമായി. ഉൾപ്രദേശത്തെ പ്രവൃത്തി സ്ഥലങ്ങളിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് പരിമിതികൾ ഉള്ളതിനാലും ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിന് തർക്കം നേരിട്ടാൽ മറ്റ് വാർഡുകളിലെ പ്രവൃത്തികൾ ടെൻഡർ നടപടി സ്വീകരിച്ച് നടപ്പാക്കാവുന്നതിനാലും നിലവിലെ സ്ഥിതി തുടർന്ന് വരുന്നതായി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 47 തീയതി :18.5.2022) മറുപടി നൽകി.

ബി) സിംഗിൾ ടെണ്ടർ ലഭ്യമാകുന്ന സാഹചര്യത്തിൽ റിടെണ്ടർ ചെയ്യണമെന്ന വ്യവസ്ഥ പാലിച്ചില്ല. ഉദാ. പൊറ്റയിൽ ക്ഷേത്രനട കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം, പുളീങ്കീഴ് കണ്ടമത്ത് കോണം സൈഡ് വാൾ നിർമ്മാണം, പട്ടകുളം നാരങ്ങാകോണം റോഡ് സൈഡ് വാൾ നിർമ്മാണം തുടങ്ങിയവ. സാധനങ്ങൾ വിതരണം ചെയ്യുന്നവർക്കുള്ള തുക ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാലും റീടെൻഡർ ചെയ്താൽ കൂടുതൽ ടെൻഡറുകൾ ലഭിക്കും എന്ന് ഉറപ്പില്ലാത്തതിനാലും റീടെൻഡർ നടത്തുന്നില്ല എന്ന് മറുപടി നൽകി.

സി) നിർമ്മാണ സാമഗ്രികളുടെ സമാഹരണത്തിന് ഇ-ടെൻഡർ, മാന്വൽ ടെൻഡർ നടപടികളിലൂടെ കരാറുകാരെ

തിരഞ്ഞെടുത്ത് മെറ്റീരിയൽ സപ്ലൈയ്ക്ക് തുക നൽകുന്നുണ്ടെങ്കിലും നിയമാനുസൃത നികുതികൾ ഈടാക്കുന്നില്ല. ഫയലിൽ മെറ്റീരിയൽ വാങ്ങിയതിന്റെ ജി എസ് റ്റി നമ്പർ ഉൾപ്പെടുന്ന ബില്ലുകളും ഉൾപ്പെടുത്തിയിട്ടില്ല. 2020-21ൽ ഇപ്രകാരം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | സാധനങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച തുക | ഈടാക്കേണ്ട ടി ഡി എസ് |
|---|---|---|---|
| 1 | മുതിയാവിള വാർഡിൽ ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് നിർമ്മാണം | 163833 | 1638 |
| 2 | കാട്ടാക്കട എൽ പി എസ് മിനി നഗർ സ്കൂളിൽ ചുറ്റുമതിൽ | 1978781 | 19788 |
| 3 | പാറപ്പൊറ്റ മുളയംകോട് റോഡ് കോൺക്രീറ്റ് | 133053 | 1330 |
| 4 | വട്ടവിള ചിറത്തലയ്ക്കൽ റോഡ് കോൺക്രീറ്റ് | 131760 | 1317 |
| 5 | കുക്കറുണി റോഡ് കോൺക്രീറ്റും സൈഡ് വാൾ നിർമ്മാണവും | 537196 | 5371 |
| 6 | പുലിയൂർക്കോണം പൂഞ്ഞാംകോട് തടം കോൺക്രീറ്റ് സൈഡ് വാൾ കെട്ട് നിർമ്മാണം | 245928 | 2459 |
| 7 | കാപ്പിക്കാട് ചിറത്തലയ്ക്കൽ റോഡ് കോൺക്രീറ്റ് | 246185 | 2461 |
| 8 | വെള്ളംകൊള്ളി മുക്കോട് മൺറോഡ് കോൺക്രീറ്റ് | 357567 | 3575 |
| 9 | കുന്നുവിള അയന്തിച്ചിറ മൺറോഡ് നിർമ്മാണം | 331768 | 3317 |
| 10 | കാട്ടാനക്കോട് മൈലോട്ടുമൂഴി റോഡ് കോൺക്രീറ്റും സൈഡ് വാൾ കെട്ട് നിർമ്മാണം | 1994499 | 19944 |
| 11 | മുളമൂട് അമ്പലത്തിൻവിള റോഡ് കോൺക്രീറ്റ് | 282943 | 2829 |
| 12 | മുസ്ലിം പള്ളി മുതൽ ഡാലക്കോണം റോഡ് കോൺക്രീറ്റ് | 380195 | 3802 |
| 13 | പനിനയോട് രാജീവ് നഗർ റോഡ് കോൺക്രീറ്റ് | 383992 | 3840 |
| 14 | പുളിമൂട് പൊന്നറവിളാകം റോഡ് കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം | 347569 | 3475 |
| 15 | ആശുപത്രി തോട്ടത്ത് നട റോഡ് കോൺക്രീറ്റ് | 397488 | 3975 |
| 16 | കരിയംകോട വരിപ്പാറ ഭാഗത്ത് നടപ്പാത നിർമ്മാണം | 319573 | 3195 |

| | | | |
|---|---|---|---|
| 17 | ആലമുക്ക് വാർഡിൽ തളിക്കല്ല് ബണ്ട് റോഡ് കോൺക്രീറ്റ് | 284919 | 2850 |
| 18 | കല്ലാമം നാരങ്ങക്കോണം റോഡ് കോൺക്രീറ്റ് | 861534 | 8615 |
| 19 | പുളിയിഞ്ചറക്കുഴി കുളം സൈഡ് വാൾ | 221737 | 2217 |
| 20 | മുതിയവിള വാർഡിൽ ഉദിയന്നൂർ പണയിൽ റോഡ് കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം | 676584 | 6765 |
| 21 | നാരങ്ങരക്കോണം പട്ടകുളം ചാനൽ ബണ്ട് റോഡ് സൈഡ് വാൾ നിർമ്മാണം | 895843 | 8958 |
| 22 | പുളിങ്കിഴ കണ്ടമത്ത്കോണം തോട് സൈഡ് വാൾ നിർമ്മാണം | 542139 | 5421 |
| 23 | കറകോണം മേഖലയിൽ വെള്ളക്കെട്ട് നിയന്ത്രണ പ്രവൃത്തി | 377611 | 3776 |
| 24 | മാതാനഗർ വരിപ്പാറ തടം കോൺക്രീറ്റ് സൈഡ് വാൾകെട്ട് നിർമ്മാണം | 203221 | 2032 |

ടി.ഡി.എസ്. ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ വസ്തുതകളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-8-2 ഇ-ടെൻഡർ ഫോം വില ലഭ്യമായിട്ടില്ല

ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വരവുകളായി ഉൾപ്പെടുത്തി കണക്കു സൂക്ഷിക്കേണ്ടതാണെങ്കിലും, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ പ്രസ്തുത വരവ് ഉൾപ്പെട്ടിട്ടില്ല. 2020-21ൽ ഇ-ടെൻഡർ, മാന്വൽ ടെൻഡർ ഫോം എന്നിവയുടെ വിലയിനത്തിൽ ലഭിച്ച തുകയുടെയും ആയതിന്റെ ഒടുക്ക് വിവരങ്ങളും അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 47 തീയതി :18.5.2022) നൽകിയ മറുപടിയിൽ മാന്വൽ ടെൻഡർ ഫോമിന്റെ വില ഫ്രണ്ട് ഓഫീസ് മുഖേന പഞ്ചായത്ത് ഫണ്ടിലേയ്ക്ക് പോകുന്നതായും ഇ-ടെൻഡർ ഫോമിന്റെ വില ഐ റ്റി മിഷനിൽ പോകുന്നതായും അറിയിച്ചു. ഈ വസ്തുത പരിശോധിച്ച് ഇ-ടെൻഡർ ഫോമിന്റെ വില തിരികെ ഈടാക്കി മാന്വൽ ഫോം വില ഉൾപ്പെടെ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തി വരവുകളുടെ അക്കൌണ്ടിംഗ് ക്രമപ്പെടുത്തേണ്ടതാണ്.

## 1-8-3 കരാറിൽ ഏർപ്പെട്ട കരാറുകാർ പ്രവൃത്തി ഉപേക്ഷിച്ചു - തുടർ നടപടികൾ സ്വീകരിച്ചില്ല.

2018-19 സാമ്പത്തിക വർഷത്തിൽ മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം ടെൻഡർ ചെയ്യുകയും സെലക്ഷൻ നോട്ടീസ് ലഭിച്ച് കരാറിൽ ഏർപ്പെടുകയും ചെയ്ത കരാറുകാർ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 20 പ്രവൃത്തികൾ വീണ്ടും ടെൻഡർ ചെയ്യുന്നതിന് 18.5.2020 ലെ ഭരണസമിതി തീരുമാനിച്ചു. എന്നാൽ പ്രവൃത്തി നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. കുക്കുറുണി റോഡ് കോൺക്രീറ്റും സൈഡ് വാൾ നിർമ്മാണവും എന്ന പദ്ധതിയുടെ കരാറുകാരന് സുഖമില്ലാത്തതിനാൽ പ്രവൃത്തി നടപ്പാക്കാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് അന്വേഷണം നം. 48 തീയതി :18.5.2022 ന് മറുപടി നൽകി. മറ്റ് പ്രവൃത്തികൾ നടപ്പാക്കാത്തതിനുള്ള കാരണം അറിയിച്ചിട്ടില്ലാത്തതുമാണ്.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116.1 പ്രകാരം കരാർ ചമച്ച് നിശ്ചിത സമയം കഴിഞ്ഞും കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിക്കാതിരുന്നാൽ അതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ട കരാറുകാരന്റെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും അയാളെ അഞ്ച് വർഷത്തേയ്ക്ക് ടെൻഡർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കുകയും വേണ്ടതാണ്. നിയമപ്രകാരമുള്ള ഇത്തരം നടപടികൾ സ്വീകരിക്കാത്തതിന് കാരണം അറിയിക്കേണ്ടതും ഉചിതമായ തുടർനടപടി സ്വീകരിച്ച്

അറിയിക്കേണ്ടതുമാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 23/11/21 -24/11/21 | 1/2021-8/2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2/2021 | 2009-2016 | ലഭ്യമായിട്ടില്ല |

## 1-10 ഇ ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കുട്ടേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ഇ-ടെ ണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ 10.05.2022 ലെ ഓഡിറ്റ് അന്വേഷണം നം. 13 നുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ടെൻഡർ ഫോറം വിലയിനത്തിൽ ലഭിക്കാനുള്ള 91989/- രൂപ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തൻ വർഷത്തെ തുകയോടൊപ്പം മുൻ വർഷങ്ങളിൽ ഇപ്രകാരം ലഭിക്കേണ്ട തുക പൂർണ്ണമായും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ലേലം - വരവ് തുകയുടെ ഒടുക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്

ചുവടെ ചേർക്കുന്ന ലേലങ്ങളിൽ അടവാക്കിയ തുകയുടെ രേഖ ഓഡിറ്റിൽ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി 44/20-21, 18/05/2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല

1. കോടാക്കുഴി പാറത്തറ പുറമ്പോക്കിൽ നിൽക്കുന്ന ആഞ്ഞിലിമരങ്ങൾ ലേലം ചെയ്ത വകയിൽ ലഭ്യമായ 26500/- രൂപ അടച്ച രേഖ

2. കുഴലാർ മിനി നഴ്സറി പരിസരത്തെ രണ്ട് മഹാഗണികൾ ലേലം ചെയ്ത വകയിൽ ലഭ്യമായ 23000/- രൂപ

പ്രസ്തുത ലേലങ്ങളുടെ അടവു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2382 വാണിജ്യകെട്ടിടങ്ങൾക്ക് നമ്പറിംഗ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച രജിസ്റ്ററിൽ 296 വാണിജ്യസ്ഥാപനങ്ങൾ ലൈസൻസ് ഫീസ് നൽകിയ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിട നികുതി അടയ്ക്കുന്ന വാണിജ്യസ്ഥാപനങ്ങളുടെ ലിസ്റ്റ് ഓഡിറ്റിൽ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി (6/20-21, 10/5/2022) യ്ക്ക് ലഭ്യമായ മറുപടിയിൽ 2245 വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതായി സഞ്ചയ സോഫ്റ്റ് വെയറിൽ കാണുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ 2086 വാണിജ്യ സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് പുതുക്കാതെയുമാണ് പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് പഞ്ചായത്തിന്റെ തനതുഫണ്ടിൽ വലിയതോതിൽ വരുമാനനഷ്ടം ഉണ്ടാക്കുന്നുണ്ട്. ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/20-21, 11/5/2022) 2382 വാണിജ്യ കെട്ടിടങ്ങൾ ഉണ്ടെങ്കിലും എല്ലാ കെട്ടിടങ്ങളിലും വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും കോവിഡ് സാഹചര്യമായതിനാൽ പല വ്യാപാരസ്ഥാപനങ്ങളും പ്രവർത്തിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി തൃപ്തികരമല്ല കാരണം മുൻ വർഷങ്ങളിലും ഇതേ രീതിയിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ആയതിനാൽ പ്രാദേശിക പരിശോധന നടത്തി വ്യാപാരം നടത്തുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ വരുമാന നഷ്ടം നികത്തേണ്ടതാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അടിയന്തിരമായി ക്ഷണിക്കുന്നു.

2. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല, ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/20-21, 10/5/2022) യ്ക്ക് ലഭ്യമായ മറുപടിയിൽ 2020-21 സാമ്പത്തിക വർഷം കോവിഡ് സാഹചര്യമായതിനാൽ വ്യാപാരസ്ഥാപനങ്ങൾ അടഞ്ഞുകിടന്നതിനാൽ വാർഡ് അടിസ്ഥാനത്തിനുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ കഴിഞ്ഞില്ലെന്നാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചാൽ മാത്രമെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം മനസ്സിലാക്കാൻ കഴിയൂ ആയതിനാൽ അവ കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-13 വാടക കുടിശ്ശിക ഈടാക്കിയില്ല

A. 2020-21 സാമ്പത്തിക വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി തുറക്കാൻ അനുവാദമില്ലാതിരുന്ന ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപനങ്ങളെ സ.ഉ.(സാ.ധാ) നം 1278/2020/ ത.സ്വ.ഭ.വ തീയതി 29/06/2020 -ാം നമ്പർ ഉത്തരവ് പ്രകാരം വാടക ഇളവ് നൽകാൻ അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 23/10/2021- ാം തീയതി നടന്ന സാധാരണ മീറ്റിംഗിലെ III(3)-ാം നമ്പർ തീരുമാന പ്രകാരം കാട്ടാക്കട, പട്ടകുളം പബ്ളിക്ക് മാർക്കറ്റുകൾ 2020 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ വാടക ഇളവ് നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. ആയതിനാൽ വാടക ഒഴിവാക്കി നൽകിയ മാസങ്ങൾ ഒഴികെയുള്ള കാലയളവിൽ വാടകയിനത്തിലുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാട്ടാക്കട മാർക്കറ്റ് ഷോപ്പിംഗ് കോംപ്ളക്സ്

| ക്രമ നം | പേര് | കടമുറികൾ | വാടക | കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1. | അഷറഫ് | കടമുറി 1 | 1094 | 6 മാസം | 6564 |
| 2 | സുരേഷ് | കടമുറി 2 | 1094 | 6മാസം | 6564 |
| 3 | യാഹ്യഖാൻ | കടമുറി 3 | 1094 | 6 മാസം | 6564 |
| 4 | യാഹ്യഖാൻ | കടമുറി 4 | 1094 | 6 മാസം | 6564 |
| 5 | യാഹ്യഖാൻ | കടമുറി 5 | 1094 | 6 മാസം | 6564 |
| 6 | സലീം | കടമുറി 6 | 1094 | 6 മാസം | 6564 |
| 7 | സുധീർ | കടമുറി 7 | 1094 | 6 മാസം | 6564 |
| 8 | യാഹ്യഖാൻ | കടമുറി 8 | 1094 | 1മാസം | 1094 |
| 9 | മുഹമ്മദ് നാസി | കടമുറി 9 | 1094 | 6മാസം | 6564 |
| 10 | സല്മാബീവി | കടമുറി 10 | 1274 | 6 മാസം | 7644 |
| 11 | മാഹീൻ | കടമുറി 11 | 1094 | 6 മാസം | 6564 |
| 12 | വാഹീദ് | കടമുറി 12 | 1094 | 3 മാസം | 3282 |
| 13 | സുന്ദരം നാടാർ | കടമുറി 13 | 1094 | 6മാസം | 6564 |

| | | | | | |
|---|---|---|---|---|---|
| 14 | A M നസീർഹുസൈൻ | കടമുറി 14 | 4410 | 2 മാസം | 8820 |
| 15 | നജ്മം | കടമുറി 15 | 3308 | 6 മാസം | 19848 |
| 16 | പൊൽ തപസി രാജ് | കടമുറി 16 | 4410 | 6 മാസം | 26460 |
| 17 | ഫർജാന | കടമുറി 17 | 5072 | 4 മാസം | 20288 |
| 18 | സുലൈമാൻ | കടമുറി 18 | 3308 | 4 മാസം | 13232 |
| 19 | ജയചന്ദ്രൻ | കടമുറി19 | 3308 | 2 മാസം | 6616 |
| 20 | ജോൺസ് | കടമുറി 20 | 2205 | 4 മാസം | 8820 |
| 21 | ഓമന | കടമുറി 21 | 2205 | 6 മാസം | 13230 |
| 22 | മുഹമ്മദ് നാസി | കടമുറി 22 | 2205 | 6 മാസം | 13230 |
| 23 | ജോസഫ് ഡി | കടമുറി 23 | 2757 | 6 മാസം | 16542 |
| 24 | പത്മിനി | കടമുറി 24 | 2625 | 2 മാസം | 5250 |
| 25 | വിജയൻ എസ് | കടമുറി 25 | 2625 | 6 മാസം | 15750 |
| 26 | സിന്ധു | കടമുറി 26 | 4410 | 6 മാസം | 26460 |
| 27 | ബാബു | കടമുറി 27 | 2783 | 4 മാസം | 11132 |
| 28 | ആഷഫ് സെലീന | കടമുറി 28 | 2757 | 6 മാസം | 16542 |
| 29 | സെൽവരാജ് | കടമുറി 29 | 2757 | 6 മാസം | 16542 |
| 30 | ലത | കടമുറി 30 | 1985 | 2 മാസം | 3970 |
| 31 | (ഷിജിൽ) സിജിൻ | കടമുറി 31 | 3308 | 6 മാസം | 19848 |
| 32 | മോഹൻദാസ് | കടമുറി 32 | 2757 | 1 മാസം | 2757 |
| 33 | ശശികുമാർ | കടമുറി33 | 2205 | 6 മാസം | 13230 |
| 34 | S മഹേഷ് | കടമുറി 35 | 4190 | 6 മാസം | 25140 |
| ആകെ | | | | | 381367 |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/20-21, 10/5/2022) മറുപടി ലഭ്യമാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ് അടിയന്തിരമായി വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

B. 2020-21 സാമ്പത്തിക വർഷത്തിൽ അക്ഷയ സബ് സെന്ററിൽ നിന്നും 16/02/2021- ൽ 5627/- രൂപ Rent On Buildings (120020105495) എന്ന ഹെഡ്ഡിൽ വരവുണ്ട്. അത് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/20-21, 12/05/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ PIGS And DOGS എന്ന ഹെഡ്ഡിൽ AFS പ്രകാരം 275/- രൂപയും രജിസ്റ്റർ പ്രകാരം 325/- രൂപയും കാണുന്നു. മേൽ എൻക്വയറി പ്രകാരം ഇതിനും മറുപടി ലഭ്യമാക്കിയിട്ടില്ല, പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ വരുവുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി യഥാസമയം സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-14 കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല,നികുതി ചോർച്ച സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഏതാനും വാർഡുകളിലെ അസ്സ്മെന്റ് രജിസ്റ്ററിലെ അടിസ്ഥാന വിവരങ്ങൾ തന്നെയാണോ സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിച്ചതിൽ വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് കണ്ടെത്തി.അപ്രകാരം കണ്ടെത്തിയ ഏതാനും അപാകങ്ങൾ ചുവടെ വിവരിക്കുന്നു.

A.നികുതി കുറവായി ഡിമാൻഡ് ചെയ്ത് പിരിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ

| കെട്ടിടനമ്പർ,പേര് | വിസ്തീർണം | ഈടാക്കുന്ന നികുതി നിരക്ക് | ഈടാക്കേണ്ട നികുതി നിരക്ക് |
|---|---|---|---|
| 13/375,അശോകൻ | 110 M2 | 50/- | 60/- |
| 15/440 A,സ്മിത | 183.5m2 | 50/- | 60 |
| 15/514 A,പുരുഷോത്തമൻ | 249.2 M2 | 15/- | 50/- |

B.അസ്സ്മെന്റ് രജിസ്റ്ററിലെ വിസ്തീർണത്തിന് സഞ്ചയയിൽ കുറവായി ഈടാക്കുന്നു.

| കെട്ടിടനമ്പർ, | എ.ആറിലെ വിസ്തീർണം | സഞ്ചയയിലെ വിസ്തീർണം |
|---|---|---|
| 2/400.a , | 39m2 | 15 M2 |
| 4/253 A | 135.38 M2 | 49 M2 |
| 3/546.a | 42.18 M2-ഗോഡൌൺ | സഞ്ചയയിൽ പാർപ്പിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |

C.എ.ആർ.രജിസ്റ്ററിലെ വിസ്തീർണം സഞ്ചയയിൽ കുറവായി രേഖപ്പടുത്തി നികുതി ഈടാക്കുന്നു

| കെട്ടിടനമ്പർ | എ.ആർ രജിസ്റ്ററിലെ വിസ്തീർണം | സഞ്ചയയിലെ വിസ്തീർണം |
|---|---|---|
| 3/545 B,ഷൈജാ ബീഗം | 61.52 M2 | 15 M2 |
| 15/514 A ,പുരുഷോത്തമൻ | 249.2 M2 | 124.6 M2 |
| 5/444 A,മുഹമ്മദ് സെയിഫ് | 32.43 M2 | 17.48 M2 |

D.എ.ആർ .രജിസ്റ്ററിൽ വിസ്തീർണം രേഖപ്പടുത്തിയിട്ടുണ്ട് എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടത്തിന്റെ വിവരം ഇല്ല.

| | |
|---|---|
| 2/222a,ഗവാസ്കർ | 101.04 M2 (വാണിജ്യം) |

ആകെ 23വാർഡുകൾ ഉള്ളതിൽ 4 വാർഡുകളിലെ ചുരുക്കം കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ എ.ആർ രജിസ്റ്ററും സഞ്ചയയുമായി ഒത്തുനോക്കിയതിൽ തന്നെ മേൽവിവരിക്കും പ്രകാരം കണ്ടെത്തിയ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ അന്വേഷണകുറിപ്പ് 33/22-ന് നൽകിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമായി സഞ്ചയയിൽ രേഖപ്പെടുത്തിയില്ലായെങ്കിൽ നികുതി ചോർച്ചയ്ക്ക് കാരണമാകുന്നതിനാൽ ധനകാര്യസ്റ്റാൻഡിംഗ്കമ്മിറ്റി അവശ്യംവേണ്ട നടപടികൾ സ്ഥീകരിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-1 പൊളിച്ച നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ഫയൽ നമ്പർ | കെട്ടിടനമ്പർ,വാർഡ്. | വിസ്തീർണം | നികുതി ഈടാക്കിയ കാലയളവ്. |
|---|---|---|---|
| A2-1/509,29-3-21 | 1/509 | 165M2 | 2015 വരെ |
| A2-1842,12/2/21 | 2/499 | 74.62M2 | 2015 വരെ |
| A9-3609/21, 29/3/21 | 6/584 | 12 M2(വാണിജ്യം) | 2018വരെ |
| A2-593/20, 27/8/20 | 10/989 | 206.7 M2 | വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| A6-5096/15, 23-2-2021 | 14/13 | 70 M2 | 2015വരെ |

കെട്ടിടഉടമകൾ കെട്ടിടങ്ങൾ ഡിമോളിഷ് ചെയ്യുന്നതിനായി അപേക്ഷ നൽകിയ സാമ്പത്തിക വർഷം വരെ നികുതി ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 43/22- ന് മറുപടി യിൽ മേൽ വിവരിച്ച കെട്ടിടങ്ങളിൽ പലതും മുമ്പ് തന്നെ പൊളിച്ച് കളഞ്ഞവയാണെന്ന് അറിയിച്ചു. പ്രസ്തുത മറുപടി ഫീൽഡ് തല റിപ്പോർട്ടിന്റെ അഭാവത്തിൽ അംഗീകരിക്കാവുന്നതല്ല. പ്രസ്തുത നടപടിയുടെ ഫലമായി തനത് വരുമാനത്തിൽ കുറവ് വരുത്തിയതിനാൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ശുചിത്വമിഷന്റെ അംഗീകാരം നേടാതെ തുക ചെലവഴിച്ചു. 2,82,000/-രൂപയുടെ ചെലവ് സാധൂകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | 274/21 (ടോയിലറ്റ് ഇല്ലാത്തവർക്ക് ഗാർഹിക ടോയിലറ്റ് നിർമ്മാണം)<br>അടങ്കൽ തുക- 3,00,000/-<br>ചെലവ് തുക-2,82,000/- |
| നിർവഹണോദ്യോഗസ്ഥൻ | സംഗീത കൃഷ്ണൻ, വി.ഇ.ഒ, വീരണകാവ് സർക്കിൾ |

| ബിൽ നമ്പർ,തിയതി | തുക |
|---|---|
| 595 ,31-3-2021 | 18,000/- |
| 472, 5-3-2021 | 36,000/- |
| 463, 25-2-2021 | 42,000/- |
| 437, 20-2-2021 | 12,000/- |
| 421,9-2-2021 | 36,000/- |
| 395, 22-1-2021 | 12,000/- |
| 393,22-1-2021 | 6,000/- |
| 376, 8-1-2021 | 1,20,000/- |
| ആകെ | 2,82,000/- |

2020-21 വർഷത്തിൽ ഉപയോഗക്ഷമമായ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി കരാർ വയ്ക്കുമ്പോൾ 6000/-രൂപയും നിർമ്മാണം പൂർത്തിയാകുമ്പോൾ ബാക്കി 6000/- രൂപ ഉൾപ്പടെ ആകെ 12000/-രൂപ 25 ഗുണഭോക്താക്കൾക്ക് നൽകി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ,

1. 23-2-2019-ലെ DA1/72/2019തസ്വഭവ സർക്കുലർ പ്രകാരം കക്കൂസ് നിർമ്മാണം, കക്കൂസ് അറ്റകുറ്റ പണി എന്നിവ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്കായി അത്തരം പ്രോജക്ടുകൾ സമർപ്പിക്കുമ്പോൾ ആയതിന്റെ ആവശ്യകത, മറ്റ് വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടുത്തേണ്ടതാണ്. അപ്രകാരം തയ്യാറാക്കിയ ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ റിപ്പോർട്ടും അനുബന്ധ രേഖകളും ഫയലിൽ സൂക്ഷിക്കാത്തതിനും, പദ്ധതിയുടെ ഗുണഭോക്താക്കളായി 25 പേർക്ക് 12000/-രൂപാ വീതം 300000/- രൂപ ചെലവഴിക്കേണ്ടതിന് പകരം 2,82,000/-രൂപ മാത്രം ചെലവഴിച്ചതിനുള്ള

വിശദീകരണവും ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 25/22-ന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം ആവശ്യമായ അനുമതി നേടാതെയാണ് പദ്ധതി നടപ്പിലാക്കിയത്. കൂടാതെ ഫയലുകളിൽ നിർവഹണോദ്യോഗസ്ഥ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ എഴുതി ചേർക്കുകയോ, ചെലവ് രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ അനുവാദമില്ലാതെ പദ്ധതിയ്ക്കായി ചെലവഴിച്ച 2,82,000/-രൂപയുടെ ചെലവ് സാധൂകരിക്കുന്നതിനായി ശുചിത്വമിഷൻ ജില്ലാ കോ-ഓഡിനേറ്ററുടെ അനുമതിപത്രം ഹാജരാക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവനപദ്ധതി -തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുത്ത് നിർവഹണോദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ട് തുക കൈപ്പറ്റിയശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തവരുടെ വിവരങ്ങൾ (ബിൽ നമ്പർ ഉൾപ്പടെ) ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 37/22- ന് ലഭിച്ച മറുപടിപ്രകാരം ലൈഫ് ഗുണഭോക്താക്കളായി തുക കൈപ്പറ്റിയശേഷം നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നമ്പർ |
|---|---|---|
| ഉഷ.എസ്. | 40000/- | 96, 5-9-2019 |
| വസന്ത.ബി. | 40000/- | 273, 30-10-2020. |

ലൈഫ് ഗുണഭോക്താവ് വി.ഇ.ഒ-മായി ഏർപ്പെട്ട കരാർ പ്രകാരം നിശ്ചിത സമയത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശസഹിതം തിരിച്ച് നിർവഹണോദ്യോഗസ്ഥന് നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതിനാൽ, കൈപ്പറ്റിയ തുക ഉപയോഗിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ നിർവണോദ്യോഗസ്ഥൻ സെക്രട്ടറി മുഖാന്തിരം നടപടി സ്വീകരിക്കേണ്ടതും, തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം -നീക്കിയിരിപ്പ് തുകകൾ തനതു ഫണ്ടിൽ അവശേഷിക്കുന്നു.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിൽ JV അക്കൗണ്ട് നിലവിലില്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ (2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുകകളടക്കം) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Code No | Particulars | Amount |
|---|---|---|
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) From Block Panchayat | 547154 |

| | | |
|---|---|---|
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayat | 554661 |
| 320700304 | Contributions For Other Specific Purpose (For Capital Expenditure)-from Block Panchayat | 6967 |
| 320700404 | Contributions For Ther Specific Purpose (For Revenue Expenditure) From Block Panchayat | 30000 |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 കാലഹരണപ്പെട്ട ചെക്ക് തുകകൾ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 245(b) പ്രകാരം ഒരു ചെക്കിന്റെ കാലാവധി 3മാസമാണെന്നിരിക്ക ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ വളരെയധികം പഴയ ചെക്കുകൾ മാറ്റി എടുക്കുവാൻ (വരവിനത്തിലും / ചെലവിനത്തിലും) അവശേഷിക്കുന്നതായി കാണുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു.

1.Cheque Deposited But Not Collected

| Voucher No | Voucher Date | Instrument No | Instrument Date | Amount | Name Of The Bank &Account |
|---|---|---|---|---|---|
| 11602500009 | 31.08.2016 | 083472 | 23.08.2016 | 2500/- | SBI Own Fund 57059415574 |
| 11704900052 | 01.05.2018 | 927119 | 02.08.2017 | 1000/- | SBI Own Fund 57059415574 |
| 11602500033 | 31.03.2017 | 653850 | 27.03.2017 | 1250/- | SBI Own Fund 57059415574 |
| 11604900037 | 13.02.2017 | ---- | -- | 240/- | SBI Own Fund 57059415574 |
| 11604900036 | 13.02.2017 | -- | -- | 500/- | SBI Own Fund 57059415574 |
| 117020500004 | 13.07.2017 | 522227 | 13.07.2017 | 2755/- | Indian Overseas Bank 31480100000444 |
| 118020200003 | 07.09.2018 | SB/XY No2 | 6.09.2018 | 1250/- | Indian Overseas Bank 31480100000444 |
| 118020500016 | 16.08.2018 | 2314822 | 16.08.2018 | 5750/- | Indian Overseas Bank 31480100000444 |
| 118020500017 | 16.08.2018 | 2314823 | 16.08.2018 | 5500/- | Indian Overseas Bank |

| | | | | | |
|---|---|---|---|---|---|
| | | | | | 31480100000444 |
| 117020500003 | 13.07.2017 | 522227 | 01.07.2017 | 404/- | Indian Overseas Bank 31480100000444 |

2 Cheque Issued But Not Presented Into Bank

| Voucher No | Voucher Date | Instrument No | Instrument Date | Amount | Name Of The Bank &Account |
|---|---|---|---|---|---|
| 21801260 | 29.12.2018 | 745020 | 29.12.2018 | 3000 | SBI Own Fund 57059415574 |
| 21700501 | 16.08.2017 | 553394 | 16.08.2017 | 700 | SBI Own Fund 57059415574 |
| 21600257 | 25.06.2016 | 620758 | 25.06.2016 | 500 | SBI Own Fund 57059415574 |
| 21500052 | 10.04.2015 | 681018 | 10.04.2015 | 311 | SBI Own Fund 57059415574 |
| 21301564 | 19.03.2014 | 9285600 | 19.03.2014 | 750 | SBI Own Fund 57059415574 |
| 21301210 | 23.01.2014 | 132643 | 23.01.2014 | 500 | SBI Own Fund 57059415574 |
| 21600813 | 26.11.2016 | 485113 | 26.11.2016 | 1500 | SBI Own Fund 57059415574 |
| 21500326 | 13.07.2015 | 681154 | 13.07.2015 | 189 | SBI Own Fund 57059415574 |
| 21700625 | 18.09.2017 | 553443 | 18.09.2017 | 2940 | SBI Own Fund 57059415574 |
| 21700818 | 09.11.2017 | 793226 | 09.11.2017 | 18900 | SBI Own Fund 57059415574 |
| 21800921 | 26.10.2018 | 150631 | 25.10.2018 | 1370 | Indian Overseas Bank 31480100000444 |
| 21800774 | 25.09.2018 | 150520 | 25.09.2018 | 500 | Indian Overseas Bank 31480100000444 |
| 21800097 | 27.04.2018 | 150228 | 27.04.2018 | 300 | Indian Overseas Bank 31480100000444 |
| 21800189 | 15.05.2018 | 150283 | 15.05.2018 | 1500 | Indian Overseas Bank 31480100000444 |
| 21800603 | 18.08.2018 | 150454 | 18.08.2018 | 1200 | Indian Overseas Bank 31480100000444 |
| 21700690 | 04.10.2017 | 150032 | 04.10.2017 | 1100 | Indian Overseas Bank 31480100000444 |
| 21800811 | 01.10.2018 | 150531 | 01.10.2018 | 7200 | Indian Overseas Bank |

| | | | | | |
|---|---|---|---|---|---|
| | | | | | 31480100000444 |
| 21800777 | 25.09.2018 | 150522 | 25.09.2018 | 500 | Indian Overseas Bank 31480100000444 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/22 നുള്ള മറുപടിയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ചെലവ് തുകകൾക്ക് നൽകിയ മാറാത്ത ചെക്കുകൾ Stale Cheques ഹെഡിലേയ്ക്കും മറ്റുള്ളവ തനത് ഫണ്ടിലേയ്ക്കും മുതൽക്കൂട്ടിയിട്ടുണ്ടെന്നും വരവ് തുകകളിലെ ചെക്കുകൾ സംബന്ധിച്ച വിവരം അതാത് ബാങ്കുകളിൽ അന്വേഷണം നടത്തി തീർപ്പുകൽപ്പിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

വരവ് തുകകളിലെ ചെക്കുകൾ മാറാത്ത സാഹചര്യത്തിൽ പഞ്ചായത്തിനു നഷ്ടമാണുണ്ടാകുന്നത്. ആയതു ഭാവിയിൽ വരാതെ സൂക്ഷിക്കേണ്ടതാണ്. കാലതാമസം വന്ന ചെക്കുകൾ മുതൽക്കൂട്ടേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ലോഗ് ബുക്ക് പരിപാലനം -അപാകതകൾ

സ്ഥാപനത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് (KL 21 M4240 Bolero) പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പ്രകാരമുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ആയതു ഉൾപ്പെടുത്തി കാണുന്നില്ല. വിശദാംശം ചുവടെ.

1. കെ.എഫ്.സി വാല്യം I ആർട്ടിക്കിൾ 324 48 എ പ്രകാരമുള്ള ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ്.

2. കെ.എഫ്.സി വാല്യം I ആർട്ടിക്കിൾ 324 48 എ പ്രകാരമുള്ള അറ്റകുറ്റ പണികൾ, സ്പെയർ പാർട്ട്സ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ.

3.ജി.ഒ.(എം.എസ്)170/07 തസ്വഭവ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തിക്കേണ്ടതും ആയതിന്റെ സർട്ടിഫിക്കേറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 39/22 നുള്ള മറുപടിയിൽ നിലവിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നുണ്ടെന്നും അറ്റകുറ്റ പണികൾ, സ്പെയർ പാർട്ട്സ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ ഭാവിയിൽ പരിപാലിക്കുന്നതാണെന്നും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കേറ്റ് ലോഗ് ബുക്കിൽ അറ്റാച്ച് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

4. ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ വ്യത്യാസമുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേജ് നം | യാത്ര ആരംഭിച്ചപ്പോഴുള്ള മീറ്റർ റീഡിംഗ് | യാത്ര ചെയ്ത ദൂരം(കി.മി) | യാത്ര അവസാനിച്ചപ്പെഴുള്ള മീറ്റർ റീഡിംഗ് | യാത്ര ചെയ്ത സ്ഥലം |
|---|---|---|---|---|
| 130 | 86346 | 54 | 86389 | പൂവാർ-പൂവച്ചൽ |
| 133 | 86790 | 54 | 86839 | പൂവാർ-പൂവച്ചൽ |
| 139 | 88181 | 94 | 88275 | ചെമ്പഴന്തി-പൂവച്ചൽ |
| 246 | 98472 | 13 | 98495 | വെള്ളനാട് -പൂവച്ചൽ |
| 283 | 100849 | 13 | 100962 | കാട്ടാക്കട-നാട്ടുകാണി |

| | | | | |
|---|---|---|---|---|
| | | | | വിഗ്യാൻ കോളേജ് |

ഇത്തരത്തിൽ സൂക്ഷമയില്ലാതെ രേഖപ്പെടുത്തലുകൾ നടത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഭാവിയിൽ വാഹനത്തിന്റെ റീഡിംങ്ങും യാത്ര ചെയ്ത ദൂരവും പിഴവുകൂടാതെ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന അറിയിച്ചിരിക്കുന്നു.

മാർഗ്ഗ നിർദേശങ്ങൾ പാലിക്കുന്നതിൽ വാഹനത്തിന്റെ ഡ്രൈവറും അത് പാലിക്കുന്നുണ്ടെയെന്ന സെക്രട്ടറിയും പരിശോധിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക്, ഹൈ മാസ്റ്റ്, മിനി ഹൈമാസ്റ്റ് എന്നിവ സ്ഥാപിക്കലും, അറ്റകുറ്റപണികളും -അപാകതകൾ

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന വിവിധ തെരുവ് വിളക്ക് പദ്ധതികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 246/21 | തെരുവ് വിളക്ക് അറ്റകുറ്റ പണി ലേബർ ചാർജ്ജ് നൽകൽ | തനതു ഫണ്ട് | 645300 | 645300 |
| 247/21 | ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 200000 | 198291 |
| 248/21 | മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | തനതു ഫണ്ട് | 4000000 | 4000000 |

1. ഇലക്ട്രിക് സെക്ഷനിലെ അസി. എഞ്ചിനിയറുടെ അംഗീകാരത്തോടെ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മേൽനോട്ടത്തിൽ മെയിന്റനൻസ് പ്രവത്തികൾ നിർവ്വഹിക്കേണ്ടതാണെന്ന് സർക്കുലർ നം.3055/D.A.3/2011/LSGD, 15.09.2011 ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലല്ല പ്രവൃത്തി നടത്തിയിരിക്കുന്നത്.

2. പ്രവൃത്തി നിർവ്വഹിച്ചതിന്റെ സാക്ഷ്യപത്രം (ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്) വൈദ്യുതി ബോർഡ് അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 23/22 നുള്ള മറുപടിയിൽ ഇലക്ട്രിക്കൽ സെക്ഷനിലെ അസി.എഞ്ചിനീയർക്ക് ഫോൺ മുഖാന്തിരം കരാറുകാരൻ സന്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മോൽ നോട്ടത്തിലാണ് പ്രവൃത്തി നിർവഹിച്ചതെന്നും മറുപടി ലഭ്യാക്കിയിരിക്കുന്നു.

നിർദ്ദിഷ്ട ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ നിർവഹിക്കുവാനും അവശ്യമായ രേഖകൾ ഉൾപ്പെടുത്തി ഫയലുകൾ സൂക്ഷിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 പഞ്ചായത്തിന്റെ കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നു -12887/-രൂപ നിരാകരിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും ആവർത്തന ചെവുകൾക്ക് തുക നൽകിയിരിക്കുന്നു.വിശദ വിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-22 തെരുവ് വിളക്ക് അറ്റകുറ്റ പണി ലേബർ ചാർജ്ജ് -അധികം നൽകിയ തുക തിരിച്ചടച്ചു.

തെരുവ് വിളക്ക് അറ്റകുറ്റ പണി ലേബർ ചാർജ്ജ് നൽകിയതിന്റെ ഫയൽ പരിശോധനയിൽ കരാറുകാരനു അധികമായി തുക അനുവദിച്ചിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | 246/21 തെരുവ് വിളക്ക് അറ്റകുറ്റ പണി ലേബർ ചാർജ്ജ് നൽകൽ |
| ഫണ്ടിനം | തനതു ഫണ്ട് |
| അടങ്കൽ | 6,45,300/- |

| | |
|---|---|
| ചെലവ് | 6,45,300/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി ഏറ്റെടുത്ത A One Electricals എന്ന സ്ഥാപനത്തിന അധികമായി തുക അനുവദിച്ചതായി ഫയൽ പരിശോധനയിൽ കണ്ടു.

സിംഗിൾ ട്യൂബ് സെറ്റും എൽ.ഇ.ഡി സെറ്റും മാറ്റുന്നതിനായി 150/- രൂപ നിരക്കിലാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ,

വാർഡ് നം. 1 ൽ 22 സിംഗിൾ ട്യൂബ് സെറ്റുകളാണ് മാറ്റിയത് ഇത് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.എന്നാൽ 122 സിംഗിൾ ട്യൂബ് സെറ്റുകളുടെ വിലയാണ് നൽകിയിരിക്കുന്നത്.

അതായത് നൽകിയത് 122 X 150 = 18300/-രൂപ

നൽകേണ്ടത് 22 X 150 = 3300/- രൂപ

അധികമായി നൽകിയത് 100 X150 =15000/-രൂപ

വാർഡ് നം 5 ൽ 100 എൽ.ഇ.ഡി ട്യൂബ് സെറ്റുകളാണ് മാറ്റിയത് ഇത് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 101 സി.എഫ്.സി ട്യൂബ് സെറ്റുകളുടെ വിലയാണ് നൽകിയിരിക്കുന്നത്.

അതായത് നൽകിയത് 101 X 150 = 15150/-രൂപ

നൽകേണ്ടത് 100 X 150 = 15000/- രൂപ

അധികമായി നൽകിയത് 1 X150 =150/-രൂപ

ആകെ അധികമായി 15150/- രൂപ നൽകിയിരിക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/22 നുള്ള മറുപടിയിൽ ക്ലറിക്കൽ അപാകത സംഭവിച്ചതിനാലാണെന്നും കരാറുകാരനു കെട്ടുക്കുവാനുള്ള നാലാംഘട്ട ബില്ലിൽ നിന്നും കെട്ടുക്കുവാനുള്ള തുകയായ12725/- രൂപയിൽ നിന്നും അധികമായി നൽകിയ 15150/- രൂപ കുറവ് ചെയ്ത് 2425/- രൂപ 17.05.2022 ലെ 1220100798 Lനം രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്.

## 1-23 Surface Dressing ഇനം പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 750% അധിക നിരക്ക് ക്വാട്ട് ചെയ്തു - നെഗോസിയേഷൻ നടത്തിയില്ല

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | തോട്ടംപാറ എൽ പി എസിന് പുറക് വശം കോൺക്രീറ്റ് (149/21) |
| അടങ്കൽ തുക | 545607/- |
| ഫണ്ട് | CFC Grant |
| ചെലവ് തുക | 545607/- |
| ബിൽനം തീയതി | 15/19.5.2020 |
| എം ബുക്ക് നം | 281/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ആർ. വിജയകുമാർ |

മേൽ പദ്ധതി നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നടപ്പാക്കിയതിന് തുക നൽകിയിരിക്കുന്നു.

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ഇനം 1 Surfase Dressing Of The Ground Including Removing Vegetation ----- എന്ന പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റാ (146995/2019-20) പ്രകാരം M2 ന് 20.03/m2 നിരക്കിൽ 339.625m2 ന് 6802.69

രൂപ വകയിരുത്തി. എന്നാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ പ്രസ്തുത ഇനത്തിന് M2 ന് 150/- രൂപ നിരക്കിൽ 339.625m2 ന് 50943.75 ക്വാട്ട് ചെയ്യുകയും എം ബുക്ക് പ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് അതേ നിരക്കിൽ തുക നൽകുകയും ചെയ്തിരിക്കുന്നു. 750% അധിക നിരക്ക് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 16.05.2022ലെ ഓഡിറ്റ് അന്വേഷണം നം. 31 ന് മറുപടിയായി അബ്നോർമലി ഹൈ ക്വാട്ടഡ് റേറ്റ് ആണെന്നും 339.625m2 അളവിന് മാത്രമേ പ്രസ്തുത നിരക്ക് നൽകിയിട്ടുള്ളൂ എന്നും അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്.

ടെൻഡർ അംഗീകരിച്ച വേളയിൽ ഇതു സംബന്ധിച്ച് കരാറുകാരനുമായി നെഗോസിയേഷൻ നടത്തിയിരുന്നു എങ്കിൽ 44141/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. പദ്ധതി പണം ഉപയോഗിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-24 എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല - റീടെൻഷൻ തുക മുതൽക്കൂട്ടേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ഏഴാമൂഴി മേലെവിള റോഡ് കോൺക്രീറ്റ് (259/21) |
| അടങ്കൽ തുക | 419386/- |
| ഫണ്ട് | CFC Grant |
| ചെലവ് തുക | 369263/- |
| ബിൽനം തീയതി | 83/26.02.2021 |
| എം ബുക്ക് നം | 289/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. രഘുവരൻ നായർ |

100mtr നീളത്തിലും ശരാശരി 3.5 Mtr വീതിയിലും റോഡ് കോൺക്രീറ്റ് ചെയ്ത പ്രവൃത്തിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഐറിഷ് ഡ്രെയിൻ എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. First And Part Bill പ്രകാരം 369263/- രൂപ നൽകിയ വേളയിൽ റീടെൻഷൻ 2.5% നിരക്കിൽ 8242/- ഈടാക്കിയിരിക്കുന്നു. റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഐറിഷ് ഡ്രെയിൻ എന്ന പ്രവൃത്തി അനിവാര്യമാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 11.5.2022ലെ ഓഡിറ്റ് അന്വേഷണം നം. 14 ന് മറുപടിയായി കരാറുകാരന് അറിയിപ്പ് നൽകിയിരുന്നെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചില്ല എന്നും ഒരിക്കൽ സ്പിൽ ഓവർ ആയതിനാൽ വീണ്ടും സ്പിൽ ഓവർ ആയി നടപ്പാക്കുന്നതിന് ഭരണസമിതി അനുവദിച്ചില്ല എന്നും അറിയിച്ചു. മേൽ സാഹചര്യത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കിയ റീടെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണെന്ന് അറിയിച്ചു.

ഏഴാമൂഴി മേലെവിള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഐറിഷ് ഡ്രെയിൻ എന്ന പ്രവൃത്തി അനിവാര്യമാണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. അടിസ്ഥാന സൗകര്യത്തിന് ചെലവഴിക്കുന്ന തുകയുടെ പ്രയോജനം പൂർണ്ണ തോതിൽ ബന്ധപ്പെട്ട ജനവിഭാഗത്തിന് ലഭിക്കുന്ന തരത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-25 അസറ്റ് മാനേജ്മെന്റ് - സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) രൂപീകരിച്ച് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം എന്നിവ ലഭ്യമാക്കുന്നതിന് 11.05.2022 ൽ ഓഡിറ്റ് അന്വേഷണം നം.13പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ, ആസ്തി പരിപാലനം സംബന്ധിച്ച മാനുവലിലെ അഞ്ചാം അധ്യായത്തിൽ, ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നുമുള്ള നിർദേശങ്ങൾ പാലിച്ചതിന്റെ രേഖകൾ എന്നിവയും ലഭ്യമാക്കിയിട്ടില്ല.

അസറ്റ് മാനേജ്മെന്റ് മാനുവലിലെ നിർദേശങ്ങൾ പാലിച്ച് ആസ്തി സംരക്ഷണം ഫലപ്രദമായി നിർവ്വഹിക്കുന്നതിന്

ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വീരണകാവ് പി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റ് - പ്രവർത്തനം ആരംഭിച്ചിട്ടില്ല

വീരണകാവ് പി എച്ച് സിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തിരമായി അനുവദിക്കുക, രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് സംവിധാനം ഒരുക്കുക എന്നീ ആവശ്യങ്ങൾ വാർഡ് നം 7 ലെ ഗ്രാമ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്തതിനുള്ള കാരണങ്ങളും തടസ്സങ്ങളും അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ 10.05.2022 ലെ ഓഡിറ്റ് അന്വേഷണം നം. 9 ന് മറുപടി ലഭ്യമാക്കിയില്ല. 2017-18 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയ്ക്കായി 95,63,632/- അടങ്കൽ വകയിരുത്തി 47,00,000/-രൂപ ചെലവ് വരുത്തിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ട് 2018-19 ഖണ്ഡിക 1-41 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഡയാലിസിസ് യൂണിറ്റ് കെട്ടിടം പൂർത്തീകരിച്ചെങ്കിലും നാളിതുവരെ ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടില്ല. നാളിതുവരെ ചെലവഴിച്ച തുക പാഴ്ചെലവായും പദ്ധതിയ്ക്കായി നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായും പരിണമിച്ചിരിക്കുന്നു. അടിയന്തിരമായി ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാക്കുവാൻ ഭരണസമിതിയുടെയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കേണ്ടതാണ്

കരട് വികസന രേഖ 2017-22ൽ പൊതുഭരണവും ധനകാര്യവും എന്ന വിഭാഗത്തിന്റെ അവസ്ഥാ വിശകലനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗക്ഷമമല്ലാതെ കിടക്കുന്നതും ഗ്രാമസഭകളിൽ പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യം ഉന്നയിച്ചിട്ടുള്ളതുമായ ആസ്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടങ്ങളുടെ വിവരങ്ങൾ | ഭൂമിയുടെ വിവരങ്ങൾ |
|---|---|
| ആഗ്രോ ക്ലിനിക്, കുക്കറുണി<br>പൊങ്കാലപ്പാറ പാറാം കുഴിയിലെ കെട്ടിടം<br>വിജ്ഞാൻവാടി<br>ആഗ്രോ ക്ലിനിക് സെന്റർ, പറമ്പിൻമേൽകോണം | പന്നിയോട് - ഒരു ഏക്കർ<br>ചായ്ക്കുളം - 2.5 ഏക്കർ<br>പുളിങ്കോട് - 13 സെന്റ്<br>നാക്കാര കുഴക്കാട് - 23 സെന്റ്<br>നാട്ടുകാണി ക്ഷേത്രം - ഒരു ഏക്കർ |

മേൽ പ്രതിപാദിച്ച ആസ്തികൾ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ 10.05.2022 ലെ ഓഡിറ്റ് അന്വേഷണം നം. 9 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ ജനങ്ങൾക്ക് ഉപയോഗപ്പെടുന്ന വിധത്തിൽ പ്രവർത്തനക്ഷമമാക്കേണ്ടതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 ലൈബ്രറി രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരം ലൈബ്രറിയിൽ നിന്നുള്ള വരവ് 1167/- രൂപയാണ്. ഇത് അടവാക്കിയ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/20-21, 12/05/2022- ന് നൽകിയ മറുപടിയിൽ 5230/- രൂപയാണ് പഞ്ചായത്തിന്റെ കീഴിലുള്ള മഹാത്മാഗാന്ധി മെമ്മോറിയൽ വായനശാലയുടെ രസീത്ബുക്ക് പ്രകാരമുള്ള (രസീത് നം 107 To 160) വരവ്. പഞ്ചായത്തിന്റെ കീഴിലുള്ള മറ്റൊരു വായനശാലയായ തകഴി ശിവശങ്കരപ്പിള്ള സ്മാരക ഗ്രന്ഥശാലയുടെ 21/04/2016 മുതൽ 0/01/2021 വരെയുള്ള ആകെ വരുമാനമായ 5437/-രൂപ 06/03/2021- ലാണ് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിരിക്കുന്നത്. 5 വർഷം ഈ തുക പഞ്ചായത്തിൽ ഒടുക്കു വരുത്താതെ ബന്ധപ്പെട്ട ലൈബ്രറിയേൻ ഉപയോഗിച്ചതായി കാണുന്നു. ഇത് കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ട ലംഘനമായി കണക്കാക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ, അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ലായെന്ന് കാണുന്നു. പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ ലൈബ്രറികളുടെയും വരവു ചെലവുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും യഥാസമയം സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആയതിനാൽ ഇത് സെക്രട്ടറിയുടെ വീഴ്ചയായി കണക്കാക്കാവുന്നതാണ്. ബാക്കിത്തുകയായ 500/- രൂപയും

[11167-(5230+5437) =500] പലിശയും ഉൾപ്പെടെ അടവാക്കിയ രേഖ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-29 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - എൽ ഇ ഡി ടെലിവിഷൻ വാങ്ങി നൽകൽ -64000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 251/21, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| ഫണ്ട് | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 504000/- |
| ചെലവ് | 504000/- |
| UTR No | U000000837692244<br>U000000823118836<br>U000000823118834 |

സെക്രട്ടറി നിർവഹണം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ 4 ഗ്രന്ഥശാലകൾക്ക് എൽ.ഇ.ഡി ടെലിവിഷൻ വാങ്ങി നൽകിയിരിക്കുന്നു. 6.08.2020 ലെ 8(5) ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്തിലെ തകഴി ശിവശങ്കരപിള്ള സ്മാരക ഗ്രന്ഥശാല,എം.സി.എ മിനി നഗർ ഗ്രന്ഥശാല, ജനത ഗ്രന്ഥശാല, പട്ടക്കുളം ഗ്രന്ഥശാല എന്നിവിടങ്ങളിലേയ്ക്കാണ് എൽ.ഇ.ഡി ടെലിവിഷൻ വാങ്ങി നൽകിയിരിക്കുന്നത്. കോവിഡ് പാശ്ചാത്തലത്തിൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിനായിട്ടാണ് എൽ.ഇ.ഡി ടെലിവിഷൻ വാങ്ങിയത്.

ഇതിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നവ തകഴി ശിവശങ്കരപിള്ള സ്മാരക ഗ്രന്ഥശാലയും ജനത ഗ്രന്ഥശാലയുമാണ്.

എസ്.കെ.ഫർണിച്ചർ & ഗ്യാലറി ,മാറനല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് എൽ.ഇ.ഡി ടെലിവിഷൻ വാങ്ങി നൽകിയിരിക്കുന്നത്.ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 36/22 ൽ പ്രസ്തുത ഗ്രന്ഥശാലകൾ പഞ്ചായത്തിന്റെ കീഴിലുള്ളവയാണോ, എൽ.ഇ.ഡി ടെലിവിഷൻ വാങ്ങി നൽകുന്നതിനായി അപേക്ഷ ലഭ്യമായിരുന്നോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചോദിച്ചുവെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ ഇവയുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണം ചെയ്തതു സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

അതിനാൽ എൽ.ഇ.ഡി ടെലിവിഷൻ വാങ്ങുന്നതിനു ചെലവായ തുകയായ 64000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

അനുബന്ധ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

## 1-30 വിനിയോഗ്യസാക്ഷ്യപത്രം ലഭ്യമാക്കിയില്ല -96250/-രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ നം/ തീയതി |
|---|---|---|---|---|---|---|
| 125/21 | തുടർ സാക്ഷരത തുല്യത ഫീസ്-10ാം തരം | വികസന ഫണ്ട് (ജനറൽ) | 50000 | 46250 | കേരള സംസ്ഥാന സക്ഷരതാ മിഷൻ | 10/21 25.03.2021 |
| 126/21 | തുടർ സാക്ഷരത തുല്യത | വികസന ഫണ്ട് (ജനറൽ) | 50000 | 50000 | കേരള സംസ്ഥാന | 9/21 25.03.2021 |

| | | | | | | |
|---|---|---|---|---|---|---|
| | ഫീസ്-11ാം തരം | | | | സക്ഷരതാ മിഷൻ | |

ഇത്ര സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/22 ന മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ വിനിയോഗ്യ സാക്ഷ്യപത്രം ലഭ്യാമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-31 സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.- 943600/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം | 178/21, വിവിധ സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 1790634/- രൂപ |
| ചെലവ് | 1790592/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 943600/- (4718 @200) |
| ബിൽ നം / തീയതി | 5/20 22.09.2020 |

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് KADCO യിൽ നിന്നും ഫർണിച്ചർ വാങ്ങി നൽകിയിട്ടുണ്ട്. ഒരു ബേബി ചെയറിനു 4718/- രൂപ നിരക്കിൽ 200 എണ്ണത്തിനു 943600/- രൂപ ചെലവഴിച്ചു വാങ്ങിയിരിക്കുന്നു.

ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നം.34/22 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതു ലഭ്യമാക്കിയിട്ടില്ല. അതിനാൽ ആയതിന്റെ വിലയായ 943600/- രൂപ തടസ്സപ്പെടുത്തുന്നു.

വിവിധ സ്കൂളുകൾക്കായി വാങ്ങിയ ഫർണിച്ചറിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂളിന്റെ പേര് | വിതരണം ചെയ്ത ഫർണിച്ചറിന്റെ (ബേബി ചെയർ) എണ്ണം |
|---|---|---|
| 1 | എൽ.പി.എസ് കാട്ടാക്കട | 70 |
| 2 | എൽ.പി.എസ് തോട്ടമ്പാറ | 35 |
| 3 | എൽ.പി.എസ് കൊണ്ണിയൂർ | 17 |
| 4 | എൽ.പി.എസ് കഴക്കോട് | 18 |
| 5 | എൽ.പി.എസ് | 60 |

| | | |
|---|---|---|
| | പൂവച്ചൽ | |
| | ആകെ | 200 |

സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 താൽക്കാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം നിയമിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന 7 താൽക്കാലിക ജീവനക്കാരിൽ ഓരാളുപോലും എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം തിരഞ്ഞെടുത്തതല്ല. ഇതിൽ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ച വരുന്ന ക്ലാർക്കിനെ പഞ്ചായത്തു കമ്മിറ്റിയുടെ 24.08.2019 ലെ 9/24 ാം നമ്പർ തീരുമാനപ്രകാരം നിയമിച്ചതാണ്. ആയതിന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ക്ലാർക്ക് തസ്തിക ഒഴികെയുള്ള മറ്റ് നിയമനങ്ങൾ സർക്കാർ അനുമതിയോടെ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഡ്രൈവറെയും കമ്മിറ്റി തീരുമാനത്തിന്റെ (17.02.2021 ലെ 5(4) ാം നമ്പർ) അടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. ഡ്രൈവർ പോസ്റ്റിന്റെ ആവശ്യമറിയിച്ച കൊണ്ട് 28.10.2020 ലെ A3-6959/20 ാം നമ്പർ കത്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

സ്ഥിര ജീവനക്കാരെ ആവശ്യമുള്ള തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ച് മുഖാന്തിരം നിയമനം നടത്തുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതിയിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 1237500/- രൂപ തടസ്സപ്പെടുത്തുന്നു

വിശദാംശം ചുവടെ ചേർക്കുന്നു

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നം | അപാകത |
|---|---|---|---|---|---|
| കന്നുകുട്ടി പരിപാലനം | 219/21 SO | 3250000 (231250/- വികസന ഫണ്ട്, 1006250/- സംസ്ഥാന ആവിഷ്കൃത ഫണ്ട്) | 1237500 | GP1/20-21, 231250/- | 1.ടി പ്രോജക്ടിന്റെ പഞ്ചായത്ത് വിഹിതമായ 231250/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല 2.സംസ്ഥാനാവിഷ്കൃത ഫണ്ടായ 1006250 രൂപയുടെ വിനിയോഗിച്ചത് ഏപ്രകാരമാണെന്നുള്ള രേഖയില്ല |

ഇതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/20-21, 10/5/2022) മേൽ പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ 1237500/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കാവുന്നതാണ്.

## 1-34 ഗുണഭോക്തൃ ലിസ്റ്റിൽ പേര് ഇല്ലാത്തവർക്ക് ധനസഹായം നൽകി -14125/-രൂപ തടസ്സപ്പെടുത്തുന്നു

29-4-2020-ലെ സ.ഉ.(സാധാ)നം.794/2020/തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് സാഹചര്യത്തിൽ ഗ്രാമസഭ വിളിച്ച് കൂട്ടാൻ പറ്റാത്ത സാഹചര്യത്തിൽ മേൽ ഉത്തരവിൽ പ്രതിവാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശസ്ഥാപനം തയ്യാറാക്കി നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നിർവഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ കൃഷി ആഫീസർ നിർവഹണം നടത്തിയ 20-2021—ൽ പ്രോജക്ട് നം 244/20 (പമ്പ് സെറ്റ് വിതരണം)പ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ ഫയൽ പരിശോധനയിൽ തദ്ദേശ സ്ഥാപനം

നൽകിയ ഗുണഭോകതൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകിയതായി കണ്ടെത്തി.കൂടാതെ ധനസഹായം ലഭിച്ചവരെ അടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരവും വാങ്ങിയിട്ടില്ല. അതിൽ പ്രകാരം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 38/22- ന് കൃഷി ആഫീസർ മറുപടി ലഭ്യമാക്കിയില്ല. അപ്രകാരം ധനസഹായം ലഭിച്ചവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര്,വാർഡ് നം | നൽകിയ തുക,ബിൽ നം. |
|---|---|---|
| 244/20 | ലത.എസ്സ്, 8 | 6125/-<br>210,തിയതി.26-8-20 |
| ,, | എസ്സ്.താജുദീൻ,9 | 8000/- ,, |

8-12-2014-ലെ സർക്കുലർ നം.4212/എ ബി-1/14/ തസ്വഭവ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണെന്നും, സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ഭരണസമിതി കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നവെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥനായിരിക്കുമെന്നതിനാൽ പ്രസ്തുത പദ്ധതിപ്രകാരം മേൽ വിവരിച്ച രണ്ട് പേർക്ക് നൽകിയ 14125/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-35 അംഗീകരമില്ലാത്ത ഗുണഭോക്തൃ ലിസ്റ്റ് നൽകി തുക ചെലവഴിച്ചു-580000/-രൂപ തടസ്സപ്പെടുത്തുന്നു

29-4-2020-ലെ സ.ഉ.(സാധാ)നം.794/2020/തസ്വഭവ ഉത്തരവ് പ്രകാരം കോവിഡ് സാഹചര്യത്തിൽ ഗ്രാമസഭ വിളിച്ച് കൂട്ടാൻ പറ്റാത്ത സാഹചര്യത്തിൽ മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന നിബന്ധനകൾക്ക് വിധേയമായി തദ്ദേശസ്ഥാപനം തയ്യാറാക്കി നൽകുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നിർവഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കളെ തെരഞ്ഞടുക്കേണ്ടതാണ്. എന്നാൽ കൃഷി ആഫീസർ നിർവഹണം നടത്തിയ S0142/-21 (കൃഷിയ്ക്ക് ജലസേചന കിണർ,) (പരമാവധിതുക 20000/-രൂപ)എന്ന പദ്ധതിയ്ക്കായി 6/1/2021-ലെ A1-2244/20നമ്പർ കത്ത് പ്രകാരം 19ഗുണഭോക്താക്കളുടെ ലിസ്റ്റും, 23പേരുടെ ലിസ്റ്റും സെക്രട്ടറി കൃഷി ആഫീസർക്ക് നൽകി.പ്രസ്തുത ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് വിവിധ ബില്ലുകൾ പ്രകാരം ആകെ 580000/-രൂപ കൃഷി ആഫീസർ നൽകി.

| അടങ്കൽ തുക | 700000/-ധനകാര്യ കമ്മിഷൻ അവാർഡ്. |
|---|---|
| ബിൽ നമ്പർ,തിയതി | തുക |
| 19/20, 11-11-20 | 140000/- |
| 24/ 20, 10-2-21 | 80000/- |
| 31/21, 20-3-21 | 320000/- |
| 32/21, 25/3/21 | 40000/- |
| ആകെ | 580000/- |

എന്നാൽ പദ്ധതിയുടെ ഫയൽ പരിശോധനയുടെ ഭാഗമായി 2020-21 വർഷത്തിലെ ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ പ്രസ്തുത വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് പതിപ്പിച്ചിരിക്കുന്ന ലിസ്റ്റുകളിൽ "കൃഷിയ്ക്ക് ജലസേചന കിണർ"എന്ന പദ്ധതിയ്ക്കായി ഒരു വാർഡിൽ നിന്നും ഒരു ഗുണഭോക്താവിനെ പോലും തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത പദ്ധതിയോ, ഗുണഭോക്താക്കളെയോ അതിനുശേഷം നടന്ന ഗ്രാമസഭകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കണ്ടെത്തിയ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 49/22-ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. 8-12-2014-ലെ സർക്കുലർ നം.4212/എ ബി-1/14/ തസ്വഭവ പ്രകാരം വ്യക്തിഗത

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണെന്നും, സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട സെക്രട്ടറിയ്ക്ക് ആയിരിക്കുമെന്നതിനാൽ, ഗ്രാമസഭയോ, സ്റ്റിയറിംഗ് കമ്മിറ്റിയോ അംഗീകരിക്കാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയതു പ്രകാരം പദ്ധതിക്കായി ചെലവഴിച്ച 580000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.

### 1-36 ദുരിതാശ്വാസ നിധി -ചെലവ് രേഖകൾ ഹാജരാക്കിയില്ല.51403/-രൂപ തടസ്സപ്പെടുത്തുന്നു.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക്--അടിയന്തര ധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെന്നും SBI പൂവച്ചൽ ശാഖയിൽ 67387490348 എന്ന അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെന്നും രേഖപ്പെടുത്തി കാണുന്നു. AFS പ്രകാരം 31-3-2020-ൽ 11956/-രൂപ ബാലൻസ് ഉണ്ടായിരുന്നതും 31-3-2021-വരെ 42151/-രൂപ വരവും(RP-29പ്രകാരം)ബാലൻസ് ആയി 2704/-രൂപയും ഉള്ളതായും ചെലവ് 51403/-രൂപയാണെന്നും കാണുന്നു. 51403/-രൂപയുടെ ചെലവ് രേഖകളും, അപേക്ഷകളും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 27/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. വരവു ചെലവുകൾ ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ 1997-ലെ കേരള പഞ്ചായത്തരാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 12(2)പ്രകാരം 2020-21- ൽ ചെലവ് ചെയ്ത 51403/-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകളും,അപേക്ഷകളും ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്തിന്റെ കീഴിലല്ലാത്ത സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നു -12887/-രൂപ നിരാകരിക്കുന്നു.

2020-21 സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ കീഴിലല്ലാത്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും ആവർത്തന ചെലവുകൾക്ക് തുക നൽകിയിരിക്കുന്നു. വിശദ വിവരം ചുവടെ.

| ക്രമ നം. | ഇനം | വൗച്ചർ നം/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | Elecricity Charges For Janatha Library | 22000146/15.05.2020 | 826/- |
| 2 | Purchase Of Newspaper To Mini Cultural Library | 22000270/16.06.2020 | 3840/- |
| 3 | Elecricity Charges For Janatha Library | 22000499/10.08.2020 | 1075/- |
| 4 | Elecricity Charges For Janatha Library | 22000651/14.09.20 | 868/- |
| 5 | Elecricity Charges For Janatha Library | 22001015/17.12.2020 | 868/- |
| 6 | Purchase Of Newspaper To Mini Cultural Library | 22001133/28.12.2020 | 3360/- |

| | | | |
|---|---|---|---|
| 7 | Purchase Of Newspaper To Priyadharshini Library | 22001872/ 15.03.2021 | 2050/- |
| | ആകെ | | 12887/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.45/22 നള്ള മറുപടിയിൽ നിലവിൽ മേൽ സ്ഥാപനങ്ങൾക്ക് പ്രസ്തുത ചെലവുകൾക്ക് തുക അനുവദിക്കുന്നില്ലായെന്ന അറിയിച്ചിരിക്കുന്നു.

പഞ്ചായത്തിന്റെതല്ലാത്ത സ്ഥാപനങ്ങൾക്ക് തുക അനുവദിച്ചത് ക്രമവിരുദ്ധമാണ്.അതിനാൽ പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2020-21 | | പ്രോജക്റ്റ് നം.147 ലൈഫ് (ജനറൽ) | 0 | 1715140 | 1715140 | 0 |
| | | പ്രോജക്റ്റ് നം 113 ക്ഷീരസമൃദ്ധി | 0 | 756712 | 756712 | 0 |
| | | പ്രോജക്റ്റ് നം 233 ലക്ഷം വീട് നവീകരണം (ജനറൽ) | 0 | 760000 | 760000 | 0 |
| | | പ്രോജക്റ്റ് നം.25/21 (പദ്ധതി നിർവഹണം മോണിറ്ററിംഗ്) | 0 | 0 | (*) 5000 | |
| | | പ്രോജക്റ്റ് നം 173 ലക്ഷം വീട് നവീകരണം (എസ്.സി.പി) | 0 | 1020000 | 1020000 | 0 |
| | | പ്രോജക്റ്റ് നം 170 ക്ഷീരസമൃദ്ധി (SO) | 0 | 920510 | 920510 | 0 |
| | | പ്രോജക്റ്റ് നം 201 ഹരിതഭവനം | 0 | 224000 | 224000 | 0 |
| ആകെ | | | 0 | 5396362 | 5401362 | 0 |
| ബ്ലോക്ക് പഞ്ചായത്ത് 2020-21 | | പ്രോജക്റ്റ് നം 288 ലൈഫ് (ജനറൽ) | 0 | 140000 | 140000 | 0 |
| | | പ്രോജക്റ്റ് നം 281 ലക്ഷം വീട് നവീകരണം (ജനറൽ) | 0 | 480000 | 480000 | 0 |

| | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നം.254/21<br>പട്ടക്കളം മാർക്കറ്റിൽ റിക്കവറി സെന്റർ 2 | 0 | 162484 | 162484 | 0 |
| | പ്രോജക്ട് നം 113<br>ക്ഷീരസമൃദ്ധി | 0 | 952710 | 952710 | 0 |
| | പ്രോജക്ട് നം 21<br>സ്നേഹസ്പർശം | 0 | 470250 | 470250 | 0 |
| | പ്രോജക്ട് നം 281<br>ലക്ഷം വീട് നവീകരണം<br>(എസ്.സി.പി) | 0 | 200000 | 200000 | 0 |
| ആകെ | | 0 | 240544 | 240544 | 0 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 554661 | 5396362 | 5951023 | 5401362 | 549661 | 554661 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1920946 | 2262960 | 4183906 | 2405444 | 1778462 | 1778462 |

**(*)** പ്രസ്തുത പദ്ധതിയിൽ വരവില്ലാതെ ചെലവ് ചെയ്തിരിക്കുന്നു. ഖണ്ഡിക 1-2(3) കാണുക.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>(പ്രോജക്ട് നം 108) | 4763000 | - | 4763000 |
| KSEB | പുതിയ ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കൽ<br>(Service Connection To Anganvadi)<br>(Own Fund)<br>വൗച്ചർ നം 22000382/ 07.07.2020 | 29259 | - | 29259 |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 20-21 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| KWA | 6576769 | 4763000 | 11339769 | - | 11339769 | 11339769 |
| KSEB | 1914232 | 29259 | 1943491 | - | 1943491 | 1943491 |
| PWD | 255000 | - | 255000 | 0 | 255000 | 255000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ്പാ / വായ്പ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | നൽകിയ ഏജൻസി | വർഷാരംഭത്തിൽ തിരച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ച വായ്പ്പ തുക | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | KURDFC | 59058955 | 2888376 | 4549529 | 57397802 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,50,37,183/- |
| ഓഡിറ്റ് വർഷത്തെ വരവ് | 13,94,02,003/- |
| ആകെ | 16,44,39,186/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,21,71,669/- |
| നീക്കിയിരിപ്പ് | 1,22,67,517/- |
| വരവിനങ്ങളുടെ നഷ്ടം | |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12,887/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,86,878/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,887/- | ശ്രീ. സലിൽ എ.സോണി, സെക്രട്ടറി 826/-രൂപ<br>ശ്രീമതി ജയന്തി.എസ്, സെക്രട്ടറി 10011/-രൂപ<br>ശ്രീ. പ്രവീൺ.എസ്, സെക്രട്ടറി 2050/- |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 64,000/- | ശ്രീമതി ജയന്തി.എസ്. സെക്രട്ടറി (റിട്ട) |
| 1-30 | 96,250/- | ശ്രീമതി.സീനത്തുബീവി.എം, ഹെഡ് മിസ്ട്രസ് |
| 1-31 | 9,43,600/- | ശ്രീമതി.സീനത്തുബീവി.എം, ഹെഡ് മിസ്ട്രസ് |
| 1-33 | 12,37,500/- | ഡോ.ജൂലി.ബി, വെറ്ററിനറി സർജൻ |
| 1-34 | 14,125/- | ശ്രീമതി. ദിവ്യ.എം.വി, കൃഷി ഓഫീസർ |
| 1-35 | 5,80,000/- | ശ്രീമതി ജയന്തി.എസ്., സെക്രട്ടറി |
| 1-36 | 51,403/- | 1. ശ്രീ. സലിൽ.എ.സോണി, സെക്രട്ടറി<br>2. ശ്രീ. പ്രവീൺ.എസ്., സെക്രട്ടറി<br>3. ശ്രീമതി ജയന്തി.എസ്., സെക്രട്ടറി<br>4. ശ്രീ. സജി.എ, അസി.സെക്രട്ടറി |
| ആകെ | 29,86,878/- | |

*ഡി)* കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

*(ഇ)* നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

*(എഫ്)*റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സലിൽ.എ. സോണി, സെക്രട്ടറി | സെക്രട്ടറി, തിരുപുറം ഗ്രാമപഞ്ചായത്ത് | കാർത്തിക,<br>മുടവൂർപ്പാറ,<br>ബാലരാമപുരം.പി.ഒ. |
| 2 | ശ്രീമതി ജയന്തി.എസ്, സെക്രട്ടറി | വിരമിച്ചു | ഗ്രീൻ വാലി,<br>വഴയില,<br>കരകുളം.പി.ഒ. |
| 3 | ശ്രീ.പ്രവീൺ.എസ്, സെക്രട്ടറി | പൂവച്ചൽ ഗ്രാമപഞ്ചായത്ത് | 34/378,<br>ഗവ.ക്വോട്ടേഴ്സ്,<br>മേലാറന്നൂർ,<br>കരമന.പി.ഒ. |
| 4 | ശ്രീമതി സീനത്തുബീവി.എം, ഹെഡ് മിസ്ട്രസ് | ഗവ.എൽ.പി.എസ്, കാട്ടാക്കട | അൽ അമീൻ മൻസിൽ,<br>പൂവച്ചൽ,<br>പൂവച്ചൽ പി.ഒ. |

| | | | |
|---|---|---|---|
| 5 | ഡോ.ജ്ജലി.ബി<br>വെറ്ററിനറി സർജൻ | മൃഗാശുപത്രി, പൂവച്ചൽ<br>ഗ്രാമപഞ്ചായത്ത് | ഹൗസ് നം.31,<br>എൻ.പി.പി. നഗർ,<br>പേരൂർക്കട. |
| 6 | ശ്രീമതി ദിവ്യ.എം.വി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ | അശ്വതി, പ്ലാവറ,<br>ഇരിഞ്ചയം. പി.ഒ.<br>നെടുമങ്ങാട് |
| 7 | ശ്രീ.സജി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | മണ്ണറത്തൊടിവീട്<br>കാട്ടായിക്കോണം. പി.ഒ.<br>തിരുവനന്തപുരം-<br>695584 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1280/18, Dt20.06.18 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.5/385/14, Dt 3.09.2014 | 2 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.5/84/15, Dt 09.07.15 | 13 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി5/84/15, Dt 09.07.15 | 14 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1848, Dt 19.10.15, | 16 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.5/1334/15, Dt 3/06/15 | 5 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1346/15,dt 15.10.15 | 13 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/216/17,dt 04.04.17 | 9 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/785/17,dt 15.04.17 | 20 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/1895/18,dtd 3.6.19 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം,ജി.പി.5/827/19,dtd 9.7.19 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2038/2019 തീയതി 07.12.2019 | 43 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/132/2022 തീയതി 18.03.2022 | 32 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്